സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 ആഗസ്റ്റ് 13

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 27

പുസ്തകം 38 ലക്കം 27 പേജ് 6

# സംതൃപ്തിയുള്ള സുവിശേഷകൻ

**എ.ഡി. 36 ലെ കർത്താവിന്റെ വിളി മുതൽ റോമൻ തടവറയിലെ അന്ത്യം വരെ താൻ തൃപ്തനായിരുന്നു. അതൃപ്തി സമ്മാനിക്കാവുന്ന പല സന്ദർഭങ്ങളും വേലയിൽ, പൗലോസ് അനുഭവിച്ചിട്ടുണ്ട്. തന്റെ അപ്പൊസ്തലത്വത്തെ ചോദ്യം ചെയ്ത കൊരിന്ത്യരുടെ മധ്യത്തിലും താൻ തൃപ്തനായിരുന്നു.**

എം.ആർ. ഷൈജു, ചാലക്കുടി

**തൃ**പ്തിയില്ലായ്മ എത്രയോ ജീവിതങ്ങളെയാണ് ഹോമിച്ചിട്ടുള്ളത്. സൈബർ യുഗത്തിലെ മനുഷ്യൻ, ആകാശത്തിന്റെ അറുതികൾ അളക്കുവാനും ലോകം കൈക്കുമ്പിളിലൊതുക്കാനും പ്രാപ്തനാണ്. കടലും കരയും വെട്ടിപ്പിടിച്ചുള്ളവനാണ് മനുഷ്യനെങ്കിലും എന്തോ ഒരു അതൃപ്തി അവനെ വേട്ടയാടിക്കൊണ്ടിരിക്കയാണ്. നിർഭാഗ്യമെന്നു പറയട്ടെ, വിശ്വാസഗോളത്തിലും ഇന്ന് സംതൃപ്തിയില്ലായ്മ നിഴലിട്ടുകൊണ്ടിരിക്കുകയാണ്. 'എന്റെ സമ്പത്തെന്നു ചൊല്ലുവാൻ വേറെയില്ലൊന്നും യേശു മാത്രം സമ്പത്താകുന്നു', '...മുന്നിലോരു ചോടുവയ്പാൻ മാത്രമിട കാണുന്നു ഞാൻ' എന്നു ഏറ്റു പാടിയ ദൈവജനം ഇന്നെവിടെ ചെന്നെത്തിനില്ക്കുന്നു? തങ്ങൾക്കു ലഭിച്ച ശുശ്രൂഷകളിലോ, ഭൗതികനന്മകളിലോ തൃപ്തരാകാതെ മറ്റുള്ളവരുടേതും കൂടെ എനിക്കു ലഭിച്ചിരുന്നുവെങ്കിൽ എന്നാശിക്കുന്നവർ എത്രയോ പേർ! കാലം കണ്ട കരുത്തനായ പൗലോസ് അപ്പൊസ്തലൻ ഇതിനൊരു അപവാദമാണ്. തന്റെ ജീവിതവും സുവിശേഷവേലയും താൻ എത്രയോ തൃപ്തനായിരുന്നുവെന്ന് വെളിപ്പെടുത്തുന്നവയാണ്.

**1. ജീവിതത്തിൽ**

ജീവിതത്തിൽ തൃപ്തിയില്ലാത്ത ഏതൊരു സുവിശേഷകനും വേലയിൽ തൃപ്തനായിരിക്കുക സാധ്യമല്ല. ഒരു വിശ്വാസിയുടെ, വിശ്വാസജീവിതത്തിന്റെ ഒന്നാം നാൾ എന്നു പറയുന്നത് രക്ഷിക്കപ്പെട്ട നാളുകളാണ്. എ.ഡി. 36 ലെ കർത്താവിന്റെ വിളി മുതൽ റോമൻ തടവറയിലെ അന്ത്യം വരെ താൻ തൃപ്തനായിരുന്നു. മേൽക്കുമേൽ ശക്തിപ്രാപിച്ച (അപ്പൊ. പ്രവൃ. 9:22) ഈ തൃപ്തിയുടെ ആന്തരികവും ബാഹ്യവുമായ പ്രകടനങ്ങളായിരുന്നു. യെഹൂദന്മാരുടെ കൊലപാതകശ്രമവും കൂട്ടുകെട്ടും തന്നെ തളർത്തിയില്ല. യെരുശലേമിൽ എത്തിയപ്പോഴാകട്ടെ, ശിഷ്യന്മാരോടു ചേരുവാൻ ശ്രമിച്ചെങ്കിലും അവൻ ഒരു ശിഷ്യൻ എന്നു വിശ്വാസിക്കാതെ എല്ലാവരും അവനെ പേടിച്ചു (അപ്പൊ. പ്രവൃ. 9:26). തിരസ്കരണത്തിന്റെ നൊമ്പരമറിഞ്ഞ ശൗൽ പരിഭവത്തിന്റെ കെട്ടഴിക്കുകയോ പിറുപിറുക്കുകയോ ചെയ്തില്ല. ബർന്നബാസിന്റെ സാക്ഷിമൊഴി കേട്ട് തന്നെ സ്വീകരിച്ച യെരുശലേമിലെ വിശ്വാസികളുമായി സഹകരിച്ചതും കർത്താവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചതും തികഞ്ഞ സംതൃപ്തിയോടെയായിരുന്നു (9:27,28). പൗലോസിന് ഒരു കാര്യം സുവ്യക്തമായിരുന്നു "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു" ( 2തിമൊ. 1:12). പ്രാരംഭനാളുകളിലെ പ്രതികൂലങ്ങൾ ഭാവിയിലെ പ്രതികൂലങ്ങളിൽ പതറാതിരിപ്പാൻ പൗലോസിനെ പ്രാപ്തനാക്കി. കൊടും തടവും കല്ലേറും കപ്പൽച്ചേതവും കള്ളസഹോദരന്മാരാലുള്ള ആപത്തൊന്നും ആ ഭക്തശിരോമണിയെ പിറകോട്ടടിക്കാതെ ക്രിസ്തുവിലുള്ള സംതൃപ്തിയുടെ ഉത്തുംഗ ശൃംഗത്തിൽ എത്തിക്കയത്രെ ചെയ്തത്. ജീവിതത്തിൽ പുലർത്തിയ ധാർമ്മിക മൂല്യങ്ങളും തനിക്കു തൃപ്തിദായകമായിരുന്നു. "ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ താൻ മോഹിച്ചിരുന്നില്ല" (അപ്പൊ. പ്രവൃ. 20:33). മാത്രവുമല്ല കൂടെയുള്ളവരുടെ മുട്ടുതീർപ്പാനും കൂടെ അധ്വാനിച്ചിരുന്നു (20:34). ഈ തൃപ്തിയാണ് "നന്മ ചെയ്യുകിൽ നാം മടുത്തുപോകരുത്, തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക" എന്ന ഗലാത്യ പ്രബോധനത്തിൽ കലാശിച്ചത് (ഗലാ. 6:9,10). താൻ കഷ്ടതയിലായിരുന്നപ്പോഴും മറ്റുള്ളവരെ ആശ്വസിപ്പിക്കുവാൻ ആവോളം ശ്രമിച്ചിരുന്നു (അപ്പൊ. പ്രവൃ. 16:40). താഴ്ചയിൽ ഇരിക്കുമ്പോഴും ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതെന്നും, കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ എന്നുമുള്ള സ്വരം കാരാഗൃഹത്തിനകത്തു നിന്നുമായിരുന്നു (ഫിലി. 4: 4,6). ഇതല്ലേ യഥാർത്ഥ തൃപ്തിയെന്നു പറയുന്നത്! "ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ, ദരിദ്രരെങ്കിലും പലരെയും സമ്പന്നരാക്കുന്നവർ, ഒന്നും ഇല്ലാത്തവരെങ്കിലുംഎല്ലാം കൈവശമുള്ളവരായിത്തന്നെ" (2 കൊരി. 6:10). അഥേനയിലെ പരിഹാസപ്പടയുടെ ശരങ്ങൾ പൗലോസിനെ തളർത്തിയില്ല, പ്രത്യുത ചില പുരുഷന്മാർ വിശ്വസിച്ചു അവനോടു ചേർന്നത് തൃപ്തിയുളവാക്കുന്നതായിരുന്നു (അപ്പൊ. പ്രവൃ. 17:32-34). ഇന്നു പല വിശ്വാസികളും തൃപ്തിയില്ലാതെ ജീവിക്കുന്നതിന്റെ കാരണം, തങ്ങൾ ആരെ വിശ്വാസിച്ചിരിക്കുന്നു? എന്ന തിരിച്ചറിവില്ലായ്മയാണ്.

► 2

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ്– 2016, കട്ടപ്പന

### അഭ്യർത്ഥന

**ദൈ**വകൃപയാൽ ജനറൽ വൈ.എം.ഇ.എഫ്. പ്രവർത്തനങ്ങൾ ക്രമമായി നടന്നു വരുന്നു. യൂത്ത് ക്യാമ്പ് പീച്ചിയിൽ വച്ച് കഴിഞ്ഞ വർഷം അനുഗ്രഹകരമായി നടന്നു. ഡിവിഷനുകൾ മുഖേനയുള്ള പ്രവർത്തനങ്ങളും ഭംഗിയായി തുടരുന്നു.

രണ്ടു വർഷത്തിലൊരിക്കൽ 4 ഡിവിഷനുകളും ഒരുമിച്ചു ജനറൽ വൈ.എം.ഇ.എഫ്. ന്റെ ചുമതലയിൽ നടന്നുവരുന്ന ജനറൽ ക്യാമ്പ് ദൈവഹിതമായാൽ ഈ വർഷം കട്ടപ്പനയിലെ സയൺനഗറിൽ, സയൺ പബ്ലിക് സ്കൂളിൽ വച്ച് ഒണാവധിക്കാലത്ത് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുകയാണ്. 2016 സെപ്റ്റംബർ 12 തിങ്കൾ മുതൽ 16 വെള്ളി വരെയാണ് ക്യാമ്പ് നടക്കുന്നത്. ക്യാമ്പ് നടക്കുന്ന എല്ലാ ദിവസങ്ങളും ഗവൺമെന്റ് അവധി ദിവസങ്ങളാണെന്ന പ്രത്യേകതയും ഈ വർഷത്തെ ക്യാമ്പിനുണ്ട്. ഇതുമൂലം കൂടുതൽ സഹോദരന്മാർക്ക് കടന്നുവന്ന് സംബന്ധിക്കുവാൻ സാധിക്കുന്നതാണ്.

സഹോദരന്മാരായ ജോർജ്ജ് മാത്യൂ (മഹാരാഷ്ട്ര), ഡാനിയേൽ വർഗീസ് (പുനലൂർ), ബിജു ആലടി (ഇടുക്കി) ജോർജ്ജ് കോശി (മൈലപ്ര) എന്നിവരാണ് ക്യാമ്പിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്. എല്ലാ സഹോദരന്മാരെയും ക്യാമ്പിലേക്ക് മുൻകൂട്ടി ക്ഷണിച്ചു കൊള്ളുന്നു. ക്യാമ്പിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി എല്ലാ സഹോദരി സഹോദരന്മാരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചു കൊള്ളുന്നു. സഹോദരന്മാർ ഒരുങ്ങുക, പ്രാർത്ഥിക്കുക, വന്നുചേരുക.

**സാമ്പത്തിക ആവശ്യങ്ങൾ**

600 പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ ജനറൽ ക്യാമ്പിന് ഒരാൾക്ക് ഉദ്ദേശ്യം 1200 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും പങ്കെടുക്കേണ്ടതുള്ളതുകൊണ്ട് നിശ്ചിത ക്യാമ്പ് ഫീസ് ഏർപ്പെടുത്തുന്നില്ല. ദൈവമക്കളുടെ ഔദാര്യദാനങ്ങളാലാണ് ക്യാമ്പിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. നിങ്ങളുടെ വിലയേറിയ സംഭാവനകൾ ജനറൽ വൈ.എം.ഇ.എഫ്.ന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ജനറൽ ട്രഷറാറുടെ വിലാസത്തിൽ അയച്ചുതരുകയോ ചെയ്യുവാൻ അപേക്ഷിക്കുന്നു.

**ബാങ്ക് അക്കൗണ്ട് വിവരങ്ങൾ:**

Bank: Catholic Syrian Bank,
Thiruvananthapuram Main Branch.
Account Name: Y.M.E.F. General, A/c No:
009603708679190001, IFSC Code: CSBK0000096

കാത്തലിക്ക് സിറിയൻ ബാങ്കിന്റെ ഏതു ശാഖയിലും ഈ അക്കൗണ്ട് നമ്പറിൽ പണം നിക്ഷേപിക്കാവുന്നതാണ്. ബാങ്കിലേക്ക് നേരിട്ട് പണം അയയ്ക്കുന്നവർ അത് കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിനുവേണ്ടി വിവരം ഫോണിലൂടെയോ കത്ത് മുഖേനയോ ട്രഷറാറെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജനറൽ ട്രഷറാറുടെ വിലാസവും ഫോൺനമ്പറും:** വി.കെ. ജോയി കുമാർ, ശാരോൻ, പിരായുംമൂട്, നെയ്യാറ്റിൻകര പി.ഓ., തിരുവനന്തപുരം- 695 121 . മൊബൈൽ: 9446022942.

ജനറൽ വൈ.എം.ഇ.എഫ്.നു വേണ്ടി

*എം.സി ജോർജ്ജ് (ജന. പ്രസിഡന്റ്)*
*സ്റ്റാൻലി ഏബ്രഹാം (ജന. സെക്രട്ടറി)*

ഒരുങ്ങുവിൻ! പ്രാർത്ഥിപ്പിൻ!! വന്നുചേരുവിൻ!!!

**വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് – 2016**

സയൺ പബ്ലിക്ക് സ്കൂൾ, സയൺ നഗർ,സ്വരാജ്, കട്ടപ്പന
*(കട്ടപ്പനയിൽ നിന്നും കോട്ടയം റൂട്ടിൽ 10 കി.മീ. ദൂരം മാത്രം.)*

പ്രധാന ലീഡേഴ്സ് :
ജോർജ്ജ് മാത്യൂ – മഹാരാഷ്ട്ര, ഡാനിയേൽ വറുഗീസ് – പുനലൂർ,
ബിജു ആലടി – ഇടുക്കി, ജോർജ്ജ് കോശി – മൈലപ്ര

2016 സെപ്റ്റംബർ 12 തിങ്കൾ മുതൽ 16 വെള്ളി വരെ
*(ഓണം അവധിക്കാലത്ത് - എല്ലാം ഗവ. അവധി ദിവസങ്ങൾ)*

*കൂടുതൽ വിവരങ്ങൾക്ക്:* സ്റ്റാൻലി എബ്രാഹം, ജനറൽ സെക്രട്ടറി (9388281162)

വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റ് അങ്കമാലി

**വാളകം യൂണിറ്റ് – ഏകദിന സമ്മേളനം**

കാക്കൂർ ബ്രദറൺ സഭാഹാൾ
2016 ആഗസ്റ്റ് 15 തിങ്കൾ രാവിലെ 9.30 മുതൽ 1 വരെ

ശുശ്രൂഷകൻ: ജോർജ്ജ് ചാക്കോ, മാവേലിക്കര
പ്രാർത്ഥനയോടെ പങ്കെടുക്കുക
*ബൈജു ബേബി (സെക്രട്ടറി) 9447493987*



പത്രോസ് ശിഷ്യന്മാരിൽ പ്രധാനി ആയി എങ്കിലും അന്ത്രയോസ് പൂർണ്ണ അനുസരണമുള്ള ഒരു ശിഷ്യനായി കർത്താവിനെ പിൻഗമിച്ചു.

*പേജ് 2*



**ഉൾപ്പേജുകളിൽ**

- നിണമണിഞ്ഞ കാല്പാടുകൾ 2
- പെൺ ശിശുഹത്യ 3
- വന്നവഴികൾ/രക്ഷയുടെ... 4
- വിചിന്തനം/കവിത 5
- ചിന്ത/വാർത്തകൾ 6

SUVISESHA DHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2016 ആഗസ്റ്റ് 13/ പുസ്തകം 38, ലക്കം 27

എഡിറ്റോറിയൽ

# ദുബായ് വിമാന ദുരന്തം

ആഗസ്റ്റ് 3-ലെ വിമാനാപകടം നമ്മെ എല്ലാവരെയും ഞെട്ടിച്ചു. ദുബായ് വിമാനത്താവളത്തിൽ ഇടിച്ചിറങ്ങിയ എമിറേറ്റ്സ് വിമാനത്തിലുണ്ടായിരുന്ന 300 പേരും അത്ഭുതകരമായി രക്ഷപെട്ടു എന്നത് ദൈവത്തെ സ്തുതിക്കാൻ മതിയായ കാര്യമാണ്. എന്നാൽ ദുബായിലെ അഗ്നിശമനസേനാംഗം മരിച്ചു എന്നത് നമ്മെ ദുഃഖിപ്പിക്കുന്നു. മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ യഹോവയ്ക്കുള്ളതാണെന്ന് തിരുവെഴുത്തു പറയുന്നത് എത്ര വാസ്തവം! എന്തെന്തു പ്രതീക്ഷകളോടു കൂടെ തിരുവനന്തപുരത്തു നിന്നും ദുബായിലേക്ക് പുറപ്പെട്ടവർ വിമാനത്താവളത്തിൽ ഇറങ്ങേണ്ട സമയമായപ്പോൾ "ജംപ്, ജംപ്" എന്ന വാക്കുകളാണ് കേട്ടത്. യാക്കോബ് പറയുന്നത്, "നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ. നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ" (4:14). വിമാനയാത്രക്കാരെല്ലാം രക്ഷപെട്ടെങ്കിലും അവർ കൊണ്ടുപോയിരുന്ന സാധനങ്ങളെല്ലാം തീയിൽ വെന്തുപോയി എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

**യാത്രക്കാരെല്ലാം രക്ഷപെട്ടെങ്കിലും കൊണ്ടുപോയിരുന്ന സാധനങ്ങളെല്ലാം തീയിൽ വെന്തുപോയി**

വിശ്വാസികളായ നമ്മെ ചിന്തിപ്പിക്കാൻ അത്യാവശ്യമായ കാര്യങ്ങൾ ഈ സംഭവത്തിലുണ്ട്. ദുബായ് വിമാനത്താവളം അത്യാധുനിക സൗകര്യങ്ങളോടുകൂടെ നിർമ്മിച്ചിട്ടുള്ള ലോകത്തിലെ വലിയ വിമാനത്താവളങ്ങലൊന്നാണ്. അവിടെയാണ് ഇതു സംഭവിച്ചത്. മനുഷ്യർ എന്തെല്ലാം കുറ്റമറ്റ സംവിധാനങ്ങൾ ക്രമീകരിച്ചാലും എപ്പോഴാണ് അതെല്ലാം വെന്തു ചാമ്പലാകുക എന്നു പറയുവാൻ സാധ്യമല്ല. വിമാനയാത്രയിലെ ഏറ്റവും അപകടകരമായ സമയമാണ് വിമാനം ഇറങ്ങുന്ന സമയം (landing) പല അപകടങ്ങളും അപ്പോഴാണ് ഉണ്ടാകുന്നത്. നമ്മുടെ പരിപാലകൻ മയങ്ങുകയില്ല ഉറങ്ങുകയില്ല (സങ്കീ. 121:4) എന്നത് എത്ര ആശ്വാസകരം! ദൈവിക പരിപാലനത്തിൽ നാമും നമുക്കുള്ളവരും ഏതു നിമിഷവും ആശ്രയിച്ചാണ് ജീവിക്കുന്നത് എന്നത് വിസ്മരിക്കരുത്.

വിമാനയാത്രക്കാർ പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ തങ്ങളുടെ വിലപ്പെട്ട സമ്പാദ്യങ്ങൾ പലതും കത്തിയമരുന്ന കാഴ്ചയാണ് കണ്ടത്. ഗൾഫിൽ നിന്നും നാം കേട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങൾ സന്തോഷകരമല്ല. ആയിരക്കണക്കിന് ഇന്ത്യാക്കാരായ തൊഴിലാളികൾ സൗദി അറേബ്യയിൽ ജോലി നഷ്ടപ്പെട്ട് നാട്ടിലേക്കു മടങ്ങുന്നു. നഴ്സുമാർക്കു പലർക്കും പിരിച്ചു വിടൽ നോട്ടീസ് കൊടുത്തിരിക്കുന്നു. നാം എവിടെയൊക്കെയാണ് നിക്ഷേപിക്കുന്നത് എന്ന കാര്യം ഗൗരവമായി പരിശോധിക്കാൻ സമയം വൈകി. നിശ്ചയമില്ലാത്ത ധനം എന്ന് പൗലോസ് അപ്പൊസ്തലൻ പറഞ്ഞത് എത്ര യഥാർത്ഥമാണ്! വരും കാലത്തേക്ക് നല്ലോരു അടിസ്ഥാനം നിക്ഷേപിച്ചു കൊൾവാനാണ്" അപ്പൊസ്തലൻ നമ്മെ പ്രബോധിപ്പിക്കുന്നത് (1 തിമൊ. 6:19). "പുഴുവും തുരുമ്പും കെടുക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്" എന്നാണല്ലോ നമ്മുടെ കർത്താവ് പഠിപ്പിച്ചതും. നിത്യരാജ്യത്തിനു വേണ്ടി നിക്ഷേപം സ്വരൂപിക്കുന്നവരായിരിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

**ഇ.ജെ. പൈലി**

▶ 1

**2. സുവിശേഷ വേലയിൽ**

പൗലോസിന്റെ വേലമുഖത്തെ തൃപ്തിയുടെ പ്രഥമഹേതു തന്നെ കർത്താവ് വിളിച്ചിരിക്കുന്നുവെന്നതാണ്. റോമിലെ വിശുദ്ധന്മാർക്ക് താൻ തന്നെ പരിചയപ്പെടുത്തുന്നത് "...സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്തലൻ...." എന്നത്രെ (റോമ. 1:1,2). സ്വർഗ്ഗീയ ദർശനത്തോട് താൻ ക്രിയാത്മകമായി പ്രതികരിച്ചതായി ചരിത്രകാരനായ ലൂക്കോസ് രേഖപ്പെടുത്തുന്നു (അപ്പൊ. പ്രവൃ. 26:19,20). സ്വന്ത പ്രാണനെ വിലയേറിയതായി എണ്ണാതിരുന്ന പൗലോസ്, ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയുന്നതിൽ തൃപ്തി കണ്ടെത്തുകയായിരുന്നു (അപ്പൊ. പ്രവൃ. 20:24). സമൃദ്ധിയുടെ സുവിശേഷം (Prosperity gospel) പ്രവഹിക്കുന്ന ഇക്കാലത്ത് രക്ഷണ്യ സുവിശേഷത്തിന് വളരെയേറെ പ്രസക്തിയുണ്ട്. ആ ദർശനമാണ് ഫിലിപ്യയിലെ കാരാഗൃഹപ്രമാണിക്കും കുടുംബത്തിനും രക്ഷയായിതീർന്നത്. പുഴവക്കത്തായാലും പള്ളിയിലായാലും പൗലോസിന്റെ പ്രമേയം സുവിശേഷം തന്നെയായിരുന്നു (അപ്പൊ. പ്രവൃ. 16:13, 14:1-3).

അതൃപ്തി സമ്മാനിക്കാവുന്ന പല സന്ദർഭങ്ങളും വേലയിൽ, പൗലോസ് അനുഭവിച്ചിട്ടുണ്ട്. തന്റെ അപ്പൊസ്തലത്വത്തെ ചോദ്യം ചെയ്ത കൊരിന്ത്യരുടെ മധ്യത്തിലും താൻ തൃപ്തനായിരുന്നു (1 കൊരി. 9:11,2). പിന്തിരിഞ്ഞു നോക്കിയാൽ എത്രയോ സഭകളാണ് പൗലോസിനാൽ സ്ഥാപിതമായിട്ടുള്ളത്? എത്രയോ ശിഷ്യഗണങ്ങളെ താൻ സമ്പാദിച്ചു! ഈ തൃപ്തി മാത്രം പോരെ ഒരു ദൈവദാസന്, സുവിശേഷകന് ആനന്ദിക്കാൻ! എ.ഡി. 61-ൽ പൗലോസ് ഫിലിപ്യരോടു പറയുന്നത് 'തൃപ്തിയെ'ക്കുറിച്ചാണ് (ഫിലി. 4:12). ഈ തൃപ്തിയായിരിക്കയില്ലേ? "ഞാൻ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചരിക്കുന്നു" എന്ന പ്രസ്താവനയുടെ പിന്നിലും! (2 തിമൊ. 4: 7,8). കല്ലെറിഞ്ഞു കൊല്ലപ്പെട്ട സ്തെഫാനോസിനെ സ്വീകരിപ്പാൻ നസ്രായൻ എഴുന്നേറ്റു നിന്നെങ്കിൽ പൗലോസിന്റെ കാര്യത്തിൽ എന്തായിരിക്കും? ആർക്കറിയാം! അത്രയ്ക്കു വലുതല്ലേ ആ ദൈവദാസന്റെ ശുശ്രൂഷകൾ!

നിണമണിഞ്ഞ കാല്പാടുകൾ 05

## ക്രിസ്തുവിനുവേണ്ടി പ്രാണത്യാഗം ചെയ്തവർ

**എസ്.വി. കളമശ്ശേരി**

# അപ്പൊസ്തലനായ അന്ത്രയോസ്

കർത്താവിന്റെ ശിഷ്യന്മാരിൽ അന്ത്രയോസിനും പ്രധാന സ്ഥാനമുണ്ടായിരുന്നു. അന്ത്രയോസ് ആരംഭത്തിൽ സ്നാപകയോഹന്നാന്റെ ശിഷ്യനായിട്ടാണ് ശുശ്രൂഷാരംഗത്തേക്കു കടന്നു വന്നത്. "ഇതാ ദൈവത്തിന്റെ കുഞ്ഞാട" (യോഹ. 1:36) എന്നു കർത്താവിനെ സ്നാപകയോഹന്നാൻ പരിചയപ്പെടുത്തിയപ്പോൾ അന്ത്രയോസും മറ്റൊരു ശിഷ്യനും യേശുവിനെ അനുഗമിച്ചു. മാത്രമല്ല അന്ന് യേശുവിനോടും കൂടെ പാർത്തു. യിസ്രായേലിന്റെ വീണ്ടെടുപ്പികാരനായ മശിഹയാണ് കർത്താവെന്ന് മനസ്സിലാക്കി യേശുവിനെ തന്റെ ഗുരുവായി അംഗീകരിക്കുവാനിടയായി. തന്റെ സഹോദരനായ പത്രോസിനെ കണ്ടപ്പോൾ മശിഹയെ എന്നു വെച്ചാൽ ക്രിസ്തുവിനെ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞു (യോഹ. 1:41). പത്രോസിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. പത്രോസ് ശിഷ്യന്മാരിൽ പ്രധാനി ആയി എങ്കിലും അന്ത്രയോസ് പൂർണ്ണ അനുസരമുള്ള ഒരു ശിഷ്യനായി കർത്താവിനെ പിൻഗമിച്ചു.

**പത്രോസ് ശിഷ്യന്മാരിൽ പ്രധാനി ആയി എങ്കിലും അന്ത്രയോസ് പൂർണ്ണ അനുസരണമുള്ള ഒരു ശിഷ്യനായി കർത്താവിനെ പിൻഗമിച്ചു.**

അന്ത്രയോസ് ഒരു അന്വേഷകനായിരുന്നു. അഞ്ചപ്പവും രണ്ടുമീനുമായി വന്ന ബാലകനെ കണ്ടെത്തി കർത്താവിനു പരിചയപ്പെടുത്തിയത് അന്ത്രയോസായിരുന്നു. മാത്രമല്ല താൻ പിൻഗമിക്കുന്ന കർത്താവിന് അഞ്ചപ്പം കൊണ്ട് ഈ വലിയ പുരുഷാരത്തെ പോഷിപ്പിക്കുവാൻ കഴിയും എന്നും താൻ വിശ്വസിച്ചു. കർത്താവിന്റെ മഹിമയേറിയ കർത്തൃത്വം താൻ പൂർണ്ണമായി അംഗീകരിച്ചു, പിൻഗമിച്ചു. അനേകരും നിസ്സാരമായി കരുതുന്ന കാര്യങ്ങളിൽ പോലും നലിയ നന്മയുണ്ടെന്ന് മനസ്സിലാക്കുവാനുള്ള സൂക്ഷ്മദൃഷ്ടി തനിക്കുണ്ടായിരുന്നു. യെരുശലേമിൽ പെരുന്നാളിനു വന്ന യവനന്മാർ കർത്താവിനെ കാണണമെന്ന് ആഗ്രഹിച്ചപ്പോൾ ഫിലിപ്പോസും അന്ത്രയോസുമാണ് അവരെ യേശുവിന് പരിചയപ്പെടുത്തിയത്. അന്ത്രയോസിന്റെ ജീവിതവും ശുശ്രൂഷകളും നിര്യാണവും ഒന്നും തന്നെ പരിശുദ്ധാത്മാവ് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കാരണം തിരുവെഴുത്ത് ചരിത്രഗ്രന്ഥം മാത്രമല്ലല്ലോ.

സമകാലീകനായ ജോസീഫസ് എന്ന ചരിത്രകാരനാണ് അന്ത്രയോസിന്റെ ശുശ്രൂഷകളെക്കുറിച്ചും രക്തസാക്ഷിയായതിനെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നത്.

കർത്താവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു" (മർക്കോ. 16:19).

കർത്താവിന്റെ കല്പന പൂർണ്ണമായും ശിരസ്സാ വഹിച്ചുകൊണ്ട് യെരുശലേമിൽ തനിക്കു നിവൃത്തിപ്പാനുള്ള ആത്മീയ ശുശ്രൂഷകൾ തികച്ചശേഷം അന്ത്രയോസ് ഏഷ്യയുടെ മറ്റു സ്ഥാനങ്ങളിലേക്കു പോയി. നെസ്റ്റർ എന്ന ചരിത്രകാരൻ രേഖപ്പെടുത്തയിരിക്കുന്നത് അന്ത്രയോസ് കരിങ്കടലിന്റെയും, കീവ് നദിയുടെയും തീരങ്ങളിൽ പ്രസംഗിച്ചശേഷം ഉക്രയിൻ, റോമേനിയ, റക്ഷ്യ എന്നീ സ്ഥലങ്ങളിലെത്തി. അതിനുശേഷം യവനദേശത്ത് എത്തി. ഗ്രീസിലുള്ള പത്രിയിലെ ഗവർണർ സുവിശേഷം പ്രസംഗിക്കുന്നവരെ കൊന്നു കളയുമെന്ന് ഭീഷണിപ്പെടുത്തിയെങ്കിലും താൻ ധൈര്യസമേതം സുവിശേഷമറിയിച്ചു. അന്ത്രയോസിനെ തടവിലാക്കി. വളരെ വേദനപ്പെടുത്തി കൊല്ലണമെന്നു കല്പിച്ചു. അതിനായി രണ്ടു തടികഷണങ്ങൾ ഗുണനചിഹ്നം പോലെ (X) ഭൂമിയിലുറപ്പിച്ചു. അകന്നിരിക്കുന്ന മുകൾഭാഗത്ത് കൈകൾ ആണി അടിക്കുന്നതിനു പകരം കയറുകൊണ്ട് ബന്ധിക്കുവാൻ കല്പിച്ചു. അതുപോലെ കാലുകളും ഈ വിധം ക്രൂശിച്ചാൽ വളരെ വേദനയെടുത്തു ദിവസങ്ങൾ കൊണ്ടുമാത്രമേ മരിക്കുകയുള്ളൂ. എങ്കിലും ഇതൊന്നും തന്റെ ധൈര്യം ക്ഷയിക്കുന്നതിന് ഇടയായില്ല. തന്റെ ബോധം നശിക്കുന്നതുവരെയും സമീപത്തു കൂടി വരുന്ന ജനങ്ങളോട് സുവിശേഷം അറിയിച്ചു കൊണ്ടിരുന്നു. താൻ ക്രൂശിൽ വിശപ്പും ദാഹവുമുള്ളവനായി നാലുദിനരാത്രങ്ങൾ കിടന്നു. കയറുകൊണ്ടു കെട്ടിയ ഭാഗങ്ങളിൽ വലിയ മുറിവുകളുണ്ടായി. നാലാമത്തെ ദിവസം തന്നെ ബന്ധിച്ചിരുന്ന കയറുകൾ അറുത്തു താഴെയിറക്കി. ഇതിനോടകം അതിവേദനയിൽ കൂടെ കടന്ന് ക്രിസ്തുവിന്റെ ധീരനായ പടയാളി അപ്പൊസ്തലനായ അന്ത്രയോസ് എ.ഡി. 60-ൽ നവംബർ 30-ന് വേദനയും ദുഃഖവുമില്ലാത്ത പ്രത്യാശയുടെ തീരമണഞ്ഞിരുന്നു.

*(തുടരും)*

## അറിയിപ്പ്

നിങ്ങളുടെ വിലാസത്തിനു മുകളിൽ കൊടുത്തിരിക്കുന്ന രജിസ്റ്റർ നമ്പർ എല്ലാ കത്തിടപാടുകളിലും രേഖപ്പെടുത്തുക. വരിസംഖ്യയോ സംഭാവനയോ നേരിട്ട് ബാങ്കിൽ നിക്ഷേപിക്കുകയോ മണി ഓർഡറായി അയക്കുകയോ ചെയ്യുന്നവർ വിശദവിവരം മാനേജിംഗ് എഡിറ്ററെ ഫോണിലൂടെയോ കത്തിലൂടെയോ അറിയിക്കേണ്ടതാണ്. സഹകരണങ്ങൾക്കു നന്ദി.

*മാനേജിംഗ് എഡിറ്റർ (9605001818)*

## -: തിരുമൊഴി :-

"അമ്മ ആശ്വസിപ്പിക്കുന്നതു പോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."

യെശയ്യാവ് 66:13

ചീഫ് എഡിറ്റർ : സാജു പി. സ്റ്റീഫൻ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : സാംസൺ സാമുവൽ
സർക്കുലേഷൻ മാനേജർ : എ.ഡി. ജെയിംസ്
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
യു.എസ്.എ./കാനഡ : $ 100
ഗൾഫ് നാടുകൾ : ₹ 2500/-

വാർത്തകളും രചനകളും ഈ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക.
വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക.
പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.
ബാങ്ക് വിവരങ്ങൾ :
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും 'സുവിശേഷധ്വനി' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com

ഗോത്രങ്ങൾ തേടി..... 133

(രാജസ്ഥാൻ –13)

# പെൺ ശിശുഹത്യ

**സ്ത്രീ ജനസംഖ്യ : 3,29,97,440 (2011 ലെ സെൻസസ് പ്രകാരം)**

**സ്ത്രീ പുരുഷ അനുപാതം (രാജസ്ഥാനിൽ) : 1000 ആൺകുട്ടികളുടെ സ്ഥാനത്ത് 883 പെൺകുട്ടികൾ (2011 സെൻസസ് പ്രകാരം)**

**ചില അനൗദ്യോഗിക കണക്കുകൾ പ്രകാരം രാജസ്ഥാനിൽ ഒരു ദിവസം ഏകദേശം 2500 പെൺ ഭ്രൂണഹത്യയോ പെൺശിശുഹത്യയോ നടക്കുന്നുണ്ട്.**





ഒരു മിഡ്‌വൈഫ് പറയുന്നു:"എനിക്ക് ആദ്യം നിയമനം ലഭിച്ച സ്ഥലത്ത് അവർ പെൺകുഞ്ഞുങ്ങളെ കൊല്ലുക പതിവായിരുന്നു. ഇതിൽ ഞാൻ പ്രതിഷേധിച്ചു. അതിനാൽ അവർ എന്നെ മറ്റൊരിടത്തേക്ക് സ്ഥലം മാറ്റി. ഇവിടെ ഇത് നടക്കുന്നുവോ എന്ന് എനിക്ക് അറിയില്ല."

ഗവൺമെന്റ് ആശുപത്രിയിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും 1400 രൂപ നല്കുന്ന ജനനി സുരക്ഷാ യോജന എന്ന ഒരു പദ്ധതി നാലു വർഷങ്ങൾക്കു മുൻപ് ഗവൺമെന്റ് നടപ്പിൽ വരുത്തി. എന്നാൽ ജയ്സാൽമെർ ജില്ലയിൽ ഈ പദ്ധതി തികച്ചും പരാജയമായിരുന്നു. ഇവിടെ ആശുപത്രികളിൽ പെൺകുഞ്ഞുങ്ങളെ പ്രസവിക്കുന്ന സ്ത്രീകൾ ഈ തുകയ്ക്ക് അർഹത നേടിക്കഴിഞ്ഞാൽ കുഞ്ഞിനെയും കൊണ്ട് വീട്ടിൽ പോകും. ദിവസങ്ങൾക്കുള്ളിൽ ഈ കുഞ്ഞ് അപ്രത്യക്ഷമാകും. ഈ പദ്ധതി പ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ നിന്നു മാത്രം മൂന്നു മാസത്തിനുള്ളിൽ ഇത്തരം പതിനാല് പെൺശിശുഹത്യ സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു വർഷം കഴിഞ്ഞപ്പോൾ ഈ കാര്യത്തിലുള്ള അന്വേഷണം തണുത്തുപോയി.

ജയ്സാൽമെർ ജില്ലയിൽ 8769 സ്ത്രീകൾക്ക് 1000 പുരുഷന്മാർ എന്ന വളരെ പരിതാപകരമായ സ്ത്രീ – പുരുഷ അനുപാതമാണുള്ളത്. ഈ ജില്ല പെൺകുഞ്ഞുങ്ങളെ കൊല്ലുന്ന കാര്യത്തിൽ കുപ്രസിദ്ധമാണ്. എന്നിരുന്നാലും ഈ ജില്ലയുടെ ചരിത്രത്തിൽ ആദ്യമായി 2012 ഏപ്രിൽ മാസത്തിൽ മാത്രമാണ് ഇത്തരം ഒരു കേസ് ഫയൽ ചെയ്യപ്പെട്ടത്. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളും നിരീക്ഷണങ്ങളും നിഗമനങ്ങളും നടന്നെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ നടപടിയൊന്നും എടുത്തിട്ടില്ല.

ചയിയാൻ ഗ്രാമത്തിലെ ഗ്രാമത്തലവൻ ഹനുമാൻസിങ്ങ് പറയുന്നു രാത്രികാലങ്ങൾ കുറച്ച് ഓപിയം കൊടുത്തോ ശ്വാസം മുട്ടിച്ചോ കല്ലുകൊണ്ട് ഇടിച്ചോ ഭക്ഷണമൊന്നും കൊടുക്കാതെയോ അവർ പെൺകുഞ്ഞുങ്ങളെ കൊല്ലുന്നു. ഒരു ടെലിവിഷൻ ചാനലിലെ ഇന്നത്തെ പ്രധാന വാർത്തകൾക്കായി അവർ ഈ പ്രദേശം സന്ദർശിച്ചപ്പോൾ അവിടെ എന്തോ ചില കുറവുകൾ ഉള്ളതായി അവർക്കു തോന്നി. അതായത് അവിടെ ചെറിയ പെൺകുഞ്ഞുങ്ങളെ കാണാനേ കഴിഞ്ഞില്ല. കേവലം ചൂടിന്റെ കാഠിന്യം കൊണ്ടല്ല അവരെ കാണാതിരുന്നത്. 25000 പുരുഷന്മാരുള്ള ഈ ഗ്രാമത്തിൽ വെറും 18 പെൺകുട്ടികൾ മാത്രമാണ് ഉള്ളത് എന്ന സത്യം അവർ മനസ്സിലാക്കി.

ജയ്സാൽമെറിൽ നിന്ന് 80 കി.മീ. അകലെയാണ് ദേവ്ദാ ഗ്രാമം. ഇവിടമാണ് പെൺശിശുഹത്യയുടെ ഉത്ഭവസ്ഥാനം. ഇവിടെ പെൺകുട്ടികൾക്ക് എട്ടു വയസ്സ് ആകുമ്പോൾ അവർക്കുള്ള സ്ത്രീധനം തയ്യാറായി കഴിയും. പതിമൂന്നു വയസ്സ് ആകുമ്പോൾ വിവാഹം നടക്കും. വിവാഹത്തോടെ അവരുടെ അമ്മമാരെപ്പോലെ അവരും വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ അകപ്പെടുന്നു. എപ്പോഴെങ്കിലും പുറത്തു പോകണമെന്നുണ്ടെങ്കിൽ, അവർ ശരീരം മുഴുവൻ മറയ്ക്കുന്ന രീതിയിൽ വസ്ത്രം ധരിക്കണം. ഇത് സമൂഹത്തിൽ നിലവിലുള്ള കർക്കശമായ പാരമ്പര്യ രീതിയാണ്.

ഇവിടെയുള്ള ഒരു കൂട്ടം ജനങ്ങൾ പറയാറുണ്ട്, 'ഒരു പെൺകുഞ്ഞ് ജനിക്കുന്നത് മരിക്കാനായാണ്. ഈ ക്രൂരതയ്ക്ക് എതിരെ ക്രിസ്ത്യാനികളായ നമുക്കുള്ള ഉത്തരവാദിത്തം എന്താണ്? "കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനവും ഉദരഫലം ദൈവം നൽകുന്ന പ്രതിഫലം ആകുന്നു" എന്ന് വേദപുസ്തകം പറയുന്നു.

സമൂഹത്തിൽ നല്ല രീതിയിൽ ജീവിക്കുന്നതിന് അശരണരായ ഈ വിലപ്പെട്ട കുഞ്ഞുങ്ങൾക്ക് ഒരു അവസരം ലഭിക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

**പ്രാർത്ഥനയ്ക്കായി**

- ഈ സമൂഹത്തിലുള്ളവർ പെൺകുഞ്ഞുങ്ങളെ വിലമതിക്കുന്നതിനും സ്വന്തമെന്ന് കരുതി അവരെ സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി...
- നിയമം ലംഘിക്കുന്നവർക്കെതിരെ ഗവൺമെന്റ് കരശന നടപടികൾ സ്വീകരിക്കുന്നതിന്...
- ജീവനോടെ ശേഷിക്കുന്ന പെൺകുഞ്ഞുങ്ങൾക്ക് തങ്ങളോടുള്ള ക്രൂരതകൾ സഹിക്കുന്നതിനുള്ള ദൈവ കൃപ ലഭിക്കുന്നതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

# ഞാൻ അവന് എന്തു പകരം നല്കും?

**എം.പി. ഫിലിപ്പോസ്, കരിക്കാട്**

ദൈവം ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ എന്താണ് പകരം നൽകേണ്ടത്? സർവ്വശക്തനായ ദൈവത്തെ യഥാർത്ഥമായി അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരു ദൈവഭക്തന്റെ ഉള്ളിൽ തട്ടിയുള്ള ചോദ്യമാണ് ഇത്. സകലത്തിന്റെയും ഉടയവനും നാഥനുമായ ദൈവത്തിന് നശ്വരനായ മനുഷ്യൻ എന്താണ് പകരം കൊടുക്കുവാനുള്ളത്. സങ്കീർത്തനക്കാരൻ പറയുന്നത്, "ഞാൻ അവനെ വിളിച്ചപേക്ഷിക്കും." ദൈവത്തെ വിളിച്ചപേക്ഷിക്കുന്നത് ലഭിച്ച നന്മയ്ക്കുള്ള പകരമാകുമോ? എന്നാൽ ഇവിടെ ദൈവത്തെ വിളിക്കുന്നത് പാനപാത്രം എടുത്തുകൊണ്ടാണ്. ഇത് ദൈവത്തെ ആരാധിക്കുന്നതിനെയാണ് കാണിക്കുന്നത്. നമ്മുടെ കർത്താവ് തന്റെ അവസാനത്തെ അത്താഴത്തിൽ, പാനപാത്രം എടുത്ത് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു, ഈ പാനപാത്രം എന്റെ രക്തത്തിന്റെ പുതിയനിയമം ആകുന്നു (1 കൊരി 11:25). കർത്താവിന്റെ ക്രൂശുമരണവും കർത്താവ് പാപപരിഹാരത്തിനായി ചൊരിഞ്ഞ രക്തത്തിന്റെയും തകർന്ന ശരീരത്തിന്റെയും ഓർമ്മ നൽകുന്ന ആരാധനയാണ് ദൈവത്തിന് സമർപ്പിക്കേണ്ടത്. ദൈവം നമുക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും പകരം നൽകാനുള്ളത് സ്തുതിയും സ്തോത്രവും നന്ദിയും നിറഞ്ഞ ആരാധന ഒന്നു മാത്രമേയുള്ളു. ഈ കാര്യം സങ്കീർത്തനക്കാരൻ വ്യക്തമായി മനസ്സിലാക്കിയിരിക്കുന്നു (സങ്കീ. 116:17).

"യഹോവ കൃപയും നീതിയും ഉള്ളവൻ. നമ്മുടെ ദൈവം നീതിയുള്ളവൻ തന്നെ" (സങ്കീ. 116:5). സങ്കീർത്തനക്കാരൻ ഇതു തന്റെ ജീവിതാനുഭവത്തിൽ നിന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. കാരണം 116-ന്റെ 6-ാം വാക്യത്തിൽ പറയുന്നത് ഇങ്ങനെയാണ്, യഹോവ അല്പ ബുദ്ധികളെ പാലിക്കുന്നു, ഞാൻ എളിമപ്പെട്ടു അവൻ എന്നെ രക്ഷിച്ചു. ഞാൻ ബുദ്ധിയിൽ കുറവുള്ളനാണെന്ന് മനസ്സിലാക്കി. ദൈവം സർവ്വജ്ഞാനിയാകുന്നു. ദൈവത്തിന്റെ മുൻപാകെ തനിക്കൊന്നും പുകഴുവാനില്ല. അതുകൊണ്ട് താൻ ദൈവമുമ്പാകെ എളിമപ്പെട്ടു, സകലവും സമർപ്പിച്ചു. തന്റെ കഴിവുകേടുകളും പാപങ്ങളും ദൈവമുൻപാകെ ഏറ്റു പറഞ്ഞു. ദൈവം തനിക്ക് രക്ഷ നൽകി, എല്ലാ അന്ധകാരത്തിൽ നിന്നും വിടുവിച്ചു. ഈ അനുഭവത്തിലാണ് ദൈവം നീതിയുള്ളവനും കരുണയുള്ളവനുമാണെന്ന് പറഞ്ഞത്. ദൈവസന്നിധിയിൽ താഴാതെ, കീഴ്പ്പെടാതെ, പാപങ്ങളും തെറ്റുകളും ഏറ്റുപറയാതെ ദൈവത്തിന്റെ മനോഹരത്വം കാണ്മാൻ കഴിയുകയില്ല.

ഞാൻ നിനക്ക് സ്തോത്രയാഗം കഴിച്ച് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും (സങ്കീ. 116:17) എന്നു പറയുവാൻ കഴിഞ്ഞത് ദൈവം ചെയ്ത നന്മകൾ ഓർത്തുകൊണ്ടു തന്നെയാണ്. നമുക്കും ഇങ്ങനെ തന്നെ സാധ്യമാകണം. അതുതന്നെയാണ് ഓരോ ദൈവഭക്തന്റെയും ചുമതല. യഹോവ ചെയ്ത ഉപകാരങ്ങൾ എന്തെല്ലാമാണെന്ന് സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക. നീ എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കണ്ണിനെ കണ്ണീരിൽ നിന്നും എന്റെ കാലിനെ വീഴ്ചയിൽ നിന്നും രക്ഷിച്ചിരിക്കുന്നു (സങ്കീ. 116:8). പാപത്തിന്റെ ശമ്പളം മരണമത്രെ, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യ ജീവൻ തന്നെ (റോമ. 6:23). പ്രാണനെ പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും വിടുവിച്ചു എന്നതാണ് നമുക്കു ലഭിച്ച ഏറ്റവും വലിയ ഉപകാരം. ആയതിനാൽ ഇനി ദുഃഖിച്ച് കരയേണ്ട ആവശ്യമില്ല. പാപത്തിന്റെ വഴിയിൽ നടക്കേണ്ടതുമില്ല. അതിൽ നിന്നെല്ലാം ദൈവം രക്ഷിച്ചു. ദൈവം കൃപയും നീതിയുള്ളവൻ എന്ന് രുചിച്ചറിഞ്ഞ് ഒരു ദൈവഭക്തൻ ദൈവത്തെ മഹത്വപ്പെടുത്തി ആരാധിക്കുന്നത് മാത്രമാണ് ദൈവത്തിന് നൽകുന്ന പ്രതിഫലം. മറ്റൊന്നും നമുക്ക് പകരം നൽകുവാനില്ല.

യഹോവ എന്റെ പ്രാർത്ഥനയും യാചനയും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു. അവന്റെ ചെവി എങ്കലേക്ക് ചായിച്ചതുകൊണ്ട് ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും (സങ്കീ. 116:1,2). അവനെ വിളിച്ചപേക്ഷിക്കും എന്നു പറഞ്ഞാൽ താൻ ജീവിതത്തിൽ എല്ലാ കാലത്തും ഈ ദൈവത്തെ ആരാധിച്ച് ജീവിക്കും എന്ന് നിർണ്ണയിച്ച് വച്ചിരിക്കുന്നു. അതിന് യാതൊരു മാറ്റവും സംഭവിക്കുവാൻ പാടില്ല. തന്റെ പ്രാർത്ഥനകളും യാചനകളും കേട്ട് ഉത്തരം അരുളുന്ന ദൈവം എന്ന് അനുഭവിച്ചറിഞ്ഞിരിക്കുന്നു. ഈ ദൈവഭക്തൻ കടന്നുപോയ വഴികൾ അത്രമാത്രം വേദനയും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു. മരണ പാശങ്ങൾ എന്നെ ചുറ്റി, പാതാള വേദനകൾ എന്നെ പിടിച്ചു, ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു (സങ്കീ. 116:3). അതുകൊണ്ട് ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ മുൻപാകെ നടക്കും (സങ്കീ. 116:9). ഈ ദൈവത്തിൽ വിശ്വസിക്കുന്നവരുടെ യഥാർത്ഥ തീരമാനമാണ് ഇത്. വേർപാടും വിശുദ്ധിയും പാലിച്ച് വേണം യഹോവയുടെ മുൻപാകെ നടക്കാൻ. ഞാൻ വലിയ കഷ്ടതയിൽ ആയി എന്നു പറഞ്ഞപ്പോൾ ഞാൻ വിശ്വസിച്ചു. സകല മനുഷ്യരും ഭോഷ്ക് പറയുന്നു എന്നു ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു (സങ്കീ. 116:10,11). താൻ വലിയ കഷ്ടതയിലും പ്രയാസത്തിലും വേദനയിലും കൂടി കന്നു പോകുന്നു എന്ന് സകല മനുഷ്യരും പറഞ്ഞുണ്ടാക്കുന്നതാണെന്ന്

**നമ്മുടെ ദൈവം നമുക്ക് ചെയ്ത ഉപകാരങ്ങൾ ഓർത്ത് ദൈവത്തിന് മഹത്വം നൽകി ആരാധിക്കുക, നന്ദിയുള്ളവരായി ജീവിക്കുക. അതു മാത്രമെ ദൈവത്തിന് പകരം നൽകാനുള്ളു എന്ന് സങ്കീർത്തനക്കാരൻ ദൈവമക്കളായ നമ്മെ ഓർമ്മിപ്പിക്കുന്നു.**

➤ശേഷം 5-ാം പേജിൽ



വന്ന വഴികൾ – 53

# മനുഷ്യരെ വലിച്ചു കൊണ്ടു പോകുന്ന റിക്ഷാക്കാരൻ

ഇ.ജെ. പൈലി, അങ്കമാലി

**കേറി ബാപ്റ്റിസ്റ്റു ചർച്ച് എന്ന സഭാ മന്ദിരത്തിന്റെ പ്രവേശനത്തിങ്കൽ മുകളിലായി "Expect great things from God and attempt great things for God" എന്ന് വലിയ അക്ഷരത്തിൽ എഴുതിവച്ചിട്ടുണ്ട്. അതായിരുന്നു വില്ല്യം കേറിയുടെ പ്രവർത്തന തത്വം.**

ഗോണ്ടാ ഡിസ്ട്രിക്ടിലെ പ്രവർത്തനത്തെക്കുറിച്ചാണല്ലോ ഒടുവിൽ പറഞ്ഞത്. 1-9-91-ൽ അവിടുത്തെ പ്രവർത്തനം അവസാനിപ്പിച്ച് അടുത്ത ജില്ലയായ ഫൈസാബാദിലേക്കു നീങ്ങി. ഈ ജില്ലയിലാണ് അയോധ്യ സ്ഥിതി ചെയ്യുന്നത്. ആ നാളുകളിൽ ഇൻഡ്യയൊട്ടുക്ക് വാർത്താ പ്രാധാന്യം നേടിയ സ്ഥലമായിരുന്നു അയോധ്യയും അവിടുത്തെ അമ്പലവും. ഗോണ്ടയിലേക്കു ലിറ്ററേച്ചർ എടുക്കുവാൻ പോകുന്ന വഴി അയോധ്യയും സന്ദർശിക്കാമെന്നു കരുതി. അനേകം ക്ഷേത്രങ്ങൾ തലയുയർത്തി നില്ക്കുന്ന പട്ടണമാണ് അയോധ്യ. അവിടെ ചെന്ന് അന്വേഷിച്ചപ്പോഴാണ് മനസ്സിലായത് അവിടുത്തെ ആളുകൾക്ക് ആ അമ്പലമൊന്നും വലിയ വിഷയമല്ലെന്ന്. അന്ന് വലിയൊരു കൂട്ടം പോലീസുകാർ അവിടെ തമ്പടിച്ചിരിക്കയായിരുന്നു. മെറ്റൽ ഡിറ്റക്ടറിൽ ദേഹപരിശോധന നടത്തിയാണ് ഞങ്ങളെയും അകത്തേക്കു വിട്ടത്. വിവാദ വിഷയമായ കെട്ടിടത്തിന് മൂന്നു മുറികളാണുള്ളത്. നടുവിലത്തെ മുറിയിൽ ഹിന്ദുക്കളുടെ ആരാധന നടക്കുന്നുണ്ടായിരുന്നു. ഈ കെട്ടിടത്തിന്റെ ഒരു ഭാഗം തന്നെയാണ് മസ്ജിദും. ഇതിനുവേണ്ടിയാണോ ഇത്രയധികം പോരാട്ടങ്ങൾ നടന്നതെന്ന് ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. 5-9-91- ലയിരുന്നു യു.പി.യിലെ എന്റെ പ്രവർത്തനത്തിന്റെ ഒടുവിലത്തെ ദിവസം. അതുകഴിഞ്ഞ് പശ്ചിമ ബംഗാളിലെ ബരാക്കർ എന്ന ടൗണിലേക്കാണ് പോയത്. അടുത്ത വൈ.എം.ഇ.എഫ്. കാമ്പയിൻ പശ്ചിമ ബംഗാളിലാണ് നടത്തേണ്ടത്. അതിന്റെ പരിപാടി ആസൂത്രണം ചെയ്യുന്നതിനായി പശ്ചിമബംഗാളിലെ സുവിശേഷകന്മാരുടെയും മറ്റു ചുമതലപ്പെട്ടവരുടെയും ഒരു കോൺഫറൻസ് 7-9-91-ൽ വിളിച്ചു കൂട്ടിയിരുന്നു. ബ്രദർ ദാനിയേൽ വില്യംസ് നാട്ടിൽ നിന്നും വന്നു ചേർന്നു. അങ്ങനെ പശ്ചിമബംഗാളിൽ നടത്തുവാനുദ്ദേശിക്കുന്ന പരിപാടിയുടെ വിശദാംശങ്ങൾ തയ്യാറാക്കി. 30 സഹോദരന്മാർ കൂടി വന്നിരുന്നു. അതിനുശേഷം ബ്രദർ ഷേണായിയുമൊരുമിച്ച് ജംതാരയിലേക്കു പോയി. അന്ന് അവിടെയുള്ള ബൈബിൾ സ്കൂളിൽ താമസിച്ചു. വളരെ വിശാലമായ സൗകര്യങ്ങളുള്ള ഒരു മിഷൻ സ്ഥാപനമാണ് ബി.ബി.റ്റി.ഐ. വളരെ വർഷങ്ങൾക്കു മുമ്പ് മിഷനറിമാർ തുടങ്ങിയതാണ് ഈ സ്ഥാപനം. അന്ന് അവിടെ ചെല്ലുമ്പോൾ ബൈബിൾ സ്ക്കൂളിൽ 4 വിദ്യാർത്ഥികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പിറ്റേദിവസം അസൻസോളിൽ ചെന്ന് അവിടെയുള്ള വിശുദ്ധന്മാരുമായി ചേർന്ന് കർത്താവിനെ ആരാധിച്ചു. തുടർന്ന് ഷേണായിയുമൊരുമിച്ച് കൽക്കട്ടയിലേക്കു പോയി. റെയിൽവേ സ്റ്റേഷനിൽ നിന്നും അധികം ദൂരമില്ലാത്ത കേറി ബൈബിൾ സ്ക്കൂളും ചർച്ചും സന്ദർശിച്ചു. അത് ഒരു പ്രത്യേക അനുഭവം തന്നെയായിരുന്നു. മിഷനറി പ്രവർത്തനങ്ങളുടെ പിതാവെന്ന പേരിൽ അറിയപ്പെടുന്ന വില്യം കേറിയുടെ ചർച്ചിൽ പോകാനിടയായി. കേറി ബാപ്റ്റിസ്റ്റു ചർച്ച് എന്നാണ് പേര്. സഭാ മന്ദിരത്തിന്റെ പ്രവേശനത്തിങ്കൽ മുകളിലായി "Expect great things from God and attempt great things for God" എന്ന് വലിയ അക്ഷരത്തിൽ എഴുതിവച്ചിട്ടുണ്ട്. അതായിരുന്നു കേറിയുടെ പ്രവർത്തന തത്വം. അദ്ദേഹം പ്രസംഗിച്ചിരുന്ന പുൾപിറ്റിൽ ഞാൻ കയറി നിന്നപ്പോൾ വികാരഭരിതനായി. അന്ന് അവിടെ പരിപാടി ഒന്നുമില്ലായിരുന്നു. അഡോണിറാം ജഡ്സൺ എന്ന ബർമ്മയിലെ പ്രശസ്ത മിഷനറി ഇവിടെ വച്ച് സ്നാനപ്പെട്ടു എന്നതിന്റെ ഓർമ്മയ്ക്ക് ഒരു ഫലകം ഭിത്തിയിൽ വച്ചിട്ടുണ്ട്. കേറി താമസിച്ചിരുന്ന ബംഗ്ലാവും സമീപത്തു തന്നെ കാണാം. ഒരു മഹാന്റെ അനുഗ്രഹിക്കപ്പെട്ട സ്മരണകളോടു കൂടെ ഞാൻ അവിടെ നിന്നും മടങ്ങി.

കൽക്കട്ട റെയിൽവേ സ്റ്റേഷനിലേക്ക് പോകാൻ ടാക്സി ഒന്നും കിട്ടിയില്ല. റോഡിൽ മഴവെള്ളം പൊങ്ങികിടക്കുന്നു. എങ്ങനെയെങ്കിലും സ്റ്റേഷനിൽ എത്തണം. സ്യൂട്ട്കേസും കിടക്കയുമൊക്കെ ഉണ്ടായിരുന്നതുകൊണ്ട് ഒരു വാഹന സൗകര്യം കൂടിയേ തീരൂ. പിന്നെ അവിടെ കിട്ടിയ വാഹനമാണ് മനുഷ്യനെ കയറ്റി മനുഷ്യൻ തന്നെ ഓടിക്കുന്ന റിക്ഷ. അതിന്റെ ചിത്രമാണ് ഇതോടൊന്നിച്ചു കൊടുത്തിരിക്കുന്നത്. പണ്ട് ഓടിച്ചിരുന്ന ട്രാമിന്റെ റെയിൽപാളങ്ങൾ വെള്ളത്തിനടിയിലുണ്ട്. അത് കാണാൻ കഴിയാതെ വെള്ളം മൂടിയിരിക്കുകയായിരുന്നു. ഇങ്ങനെ മനുഷ്യൻ വലിക്കുന്ന റിക്ഷയിൽ എന്റെ ബാല്യകാലത്ത് എറണാകുളത്തു വച്ച് കയറിയിട്ടുണ്ട്. 1950 കളിലായിരുന്നു അത്. എന്നാൽ ഇന്നും കൽക്കട്ടയിൽ ഈ വ്യവസ്ഥിതി തുടരുന്നു എന്നത് ആശ്ചര്യകരമല്ലേ? മനുഷ്യരെ കയറ്റി വലിക്കുന്ന ആയിരത്തോളം റിക്ഷാക്കാർ കൽക്കട്ടാ പട്ടണത്തിലുണ്ടെന്നാണ് കണക്ക്. ഇവരുടെ സ്ഥിതി എത്ര ദയനീയമാണെന്നാലോചിച്ചു നോക്കൂ. ഭാരതത്തിൽ മറ്റൊരിടത്തും കാണാൻ കഴിയാത്ത കാര്യം. അല്പദൂരം പോയ ശേഷം ഷേണായി ഇറങ്ങി നടക്കാൻ തുടങ്ങി. എനിക്കു ലഗേജ് ഉള്ളതുകൊണ്ട് ഇറങ്ങി നടക്കാൻ ബുദ്ധിമുട്ടായിരുന്നു. ഒരു വിധത്തിൽ സ്റ്റേഷനിലെത്തി ട്രെയിനിൽ മടക്കയാത്ര ചെയ്ത് ക്ഷേമമായി അങ്കമാലിയിലെത്തി. ദൈവത്തിന്റെ ദിവ്യ പരിപാലനത്തിനായി സ്തോത്രം. ബ്രദർ ഷേണായി ചില വർഷങ്ങളുടെ ശേഷം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഹിന്ദുക്കളിൽ നിന്നും വേർപെട്ടു വന്ന സഹോദരൻ അവിവാഹിതനായിരുന്നു. പശ്ചിമബംഗാളിലെ വേലയ്ക്ക് താൻ നല്ല സഹായിയായി പ്രവർത്തിച്ചു. ●

# രക്ഷയുടെ ഫലങ്ങൾ

വിനോദ് തോമസ് കോട്ടയം

**യഥാർത്ഥമായി രക്ഷിക്കപ്പെട്ട ദൈവപൈതലിനു വിശുദ്ധിയിൽ വർദ്ധിച്ച് വരണമെന്നുള്ള ആഗ്രഹമുണ്ടായിരിക്കും. ഏതെങ്കിലും അശുദ്ധി വന്നാൽ അത് അപ്പോൾ തന്നെ നീക്കിക്കളയുവാൻ ഒരുങ്ങുകയും ചെയ്യുന്നു.**

ഒരാൾ കർത്താവായ യേശുവിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ടു എന്നു പറയുമ്പോൾ ആ വ്യക്തിയുടെ ജീവിതത്തിൽ അതിന്റെ ഫലങ്ങൾ ഉണ്ടായിരിക്കണം. വൃക്ഷത്തെ ഫലം കൊണ്ട് തിരിച്ചറിയുവാൻ കഴിയും എന്നു കർത്താവ് പറഞ്ഞിട്ടുണ്ട്. അതുപോലെ ഒരു വിശ്വാസിയിൽ രക്ഷയുടെ ഫലങ്ങൾ വെളിപ്പെടുമ്പോൾ താൻ രക്ഷിക്കപ്പെട്ടവനാണെന്ന് തനിക്കും മറ്റുള്ളവർക്കും തിരിച്ചറിയുവാൻ കഴിയും. തുടർന്ന് രക്ഷയുടെ ചില ഫലങ്ങൾ നമുക്ക് ചിന്തിക്കാം.

**1. വിശുദ്ധിക്കുവേണ്ടിയുള്ള ആഗ്രഹം**

ഒരാൾ രക്ഷിക്കപ്പെടുമ്പോൾ വിശുദ്ധനായ ദൈവവുമായിട്ടുള്ള കൂട്ടായ്മയിലേക്കാണ് വരുന്നത്. വിശ്വാസിയെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം ശുദ്ധീകരണമാണ് (1 തെസ്സ. 4:3). മാത്രമല്ല ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല (എബ്രാ. 12:14). വിശുദ്ധമായി ജീവിക്കണം എന്നുള്ളത് ദൈവകല്പനയാണ്. പത്രോസ് ഇപ്രകാരം പറയുന്നു നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ (1 പത്രോ. 1:15). രക്ഷിക്കപ്പെട്ട ദൈവപൈതലിൽ വിശുദ്ധിയുടെ ആത്മാവ് വസിക്കുന്നു. വിശ്വാസി സത്യവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ദൈവാത്മാവ് വിശ്വാസിയുടെ കുറവുകളെ ചൂണ്ടികാണിക്കുകയും ശുദ്ധീകരണത്തിലേക്കു നയിക്കുകയും ചെയ്യുന്നു. യഥാർത്ഥമായി രക്ഷിക്കപ്പെട്ട ദൈവപൈതലിനു വിശുദ്ധിയിൽ വർദ്ധിച്ച് വരണമെന്നുള്ള ആഗ്രഹമുണ്ടായിരിക്കും. ഏതെങ്കിലും അശുദ്ധി വന്നാൽ അത് അപ്പോൾ തന്നെ നീക്കിക്കളയുവാൻ ഒരുങ്ങുകയും ചെയ്യുന്നു. യഥാർത്ഥ ഭക്തിയുള്ളവർ ചെറിയ പാപം പോലും വളരെ ഗൗരവമായി കാണുന്നു. ദൈവത്തിനു സ്വർണ്ണപാത്രങ്ങളോ വെള്ളി പാത്രങ്ങളോ ആവശ്യമില്ല ശുദ്ധിയുള്ള പാത്രങ്ങളെയാണ് ദൈവത്തിന് ഉപയോഗിക്കുവാൻ ആവശ്യമുള്ളത്. ദൈവത്തിന് ഉപയോഗമുള്ള മാനപാത്രങ്ങളായി നമുക്കു തീരാം.

**2. ദൈവവചനം പഠിക്കുവാനും അനുസരിക്കുവാനുമുള്ള ആഗ്രഹം**

ഒരാൾ ആത്മികമായി വീണ്ടും ജനനം പ്രാപിക്കുന്നത് ദൈവവചനത്താലാണ്. ഒരു വ്യക്തി ദൈവവചനം പഠിക്കുവാനും പ്രായോഗികമാക്കുവാനും തുടങ്ങുമ്പോഴാണ് ആത്മിക വളർച്ച പ്രാപിക്കുന്നത്. പത്രോസ് പറയുന്നു, "ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ" (1 പത്രോ. 2:2). ഇപ്പോൾ ജനിച്ച ശിശുവിന്റെ ഏക ആശ്രയം മാതാവിൽ നിന്നു ലഭിക്കുന്ന പാലാണ് അതുപോലെ വീണ്ടും ജനനം പ്രാപിക്കുന്ന ഒരു ദൈവപൈതൽ ദൈവവചനം വായിക്കും. ദൈവവചനമെന്ന പാൽ കുടിച്ച് ആത്മിക പുഷ്ടി പ്രാപിക്കുന്നു. ദൈവവചനം വിശ്വാസിയെ രക്ഷയ്ക്ക് ജ്ഞാനിയാക്കുന്നു. ദൈവത്തിന്റെ വചനം ദൈവത്തിന്റെ മനുഷ്യനെ സകലസൽപ്രവൃത്തിക്കും വകപ്രാപിച്ചു തികഞ്ഞവൻ ആക്കുന്നു. അതിന് ദൈവവചനം വിശ്വാസിയെ ഉപദേശിക്കുന്നു (സത്യ വചനം പഠിപ്പിക്കുന്നു) ശാസിക്കുന്നു (തെറ്റ് ചൂണ്ടികാട്ടുന്നു), ഗുണീകരിക്കുന്നു (ശരിയിലേക്ക് നയിക്കുന്നു) നീതിയിൽ അഭ്യസിപ്പിക്കുന്നു (ശരിയിൽ തുടരുവാൻ സഹായിക്കുന്നു ( 2 തിമൊ. 3:16).

ദൈവവചനം വിശ്വാസിയെ ക്രിസ്തു സ്വഭാവത്തിലേക്കു നയിക്കുന്നു. ദൈവവചനം ഇരുളിൽ പ്രകാശമാണ് (സങ്കീ. 119:105). ആകാശവും ഭൂമിയും മാറിയാലും ദൈവവചനത്തിനു മാറ്റമില്ല. ദൈവത്തിന്റെ വായാണ് കല്പിച്ചത്. ദൈവവചനത്തിന്റെ അനുസരണമാണ് ഒരു വ്യക്തിയെ നിത്യകാലം നിലനിൽക്കുന്ന പ്രതിഫലം ദൈവത്തിൽ നിന്നു പ്രാപിക്കുവാൻ പ്രേരിപ്പിക്കുന്നത്. ദൈവവചനത്തിലെ വാഗ്ദത്തങ്ങളാണ് അനുദിന ജീവിതത്തിൽ ദൈവപൈതലിന്റെ നിക്ഷേപവും ആശ്വാസവും. ആ നിക്ഷേപത്തിലുള്ള അനുദിനാശ്രയവും വിശ്വാസവും ഭയപ്പെടാതെ ധൈര്യസമേതം മുന്നോട്ടു പോകുവാൻ ഇടയാക്കുന്നു.

**3. ആത്മിക കൂടിവരവുകളോടുള്ള താല്പര്യം**

രക്ഷിക്കപ്പെട്ടവർക്ക് സഹവിശ്വാസികളോടു ബന്ധവും കൂട്ടായ്മയുമുണ്ട്. ആദിമ നൂറ്റാണ്ടിലെ സഭ ഒരുമനപ്പെട്ട് ദിനമ്പ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. (അപ്പൊ. പ്രവൃ. 2:46-47). യഥാർത്ഥ വീണ്ടും ജനനത്തിലൂടെ ഒരാൾ ദൈവഭവനമായ സഭയിലേക്കാണ് പ്രവേശിക്കുന്നത്. അതുകൊണ്ട് സഹവിശ്വാസികളോടുള്ള ബന്ധവും കൂട്ടായ്മയും വളരെ പ്രധാനപ്പെട്ടതാണ്. ദൈവം കായീനോടു ചോദിക്കുന്നു നിന്റെ സഹോദരനെവിടെ? നാം ഓരോരുത്തരും നമ്മുടെ സഹവിശ്വാസികളുടെ ഭാരങ്ങളെ വഹിക്കേണ്ടതാണ്. പൗലോസ് പറയുന്നു തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ, ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ (ഗലാ. 6:2). മാത്രമല്ല നാം സഹവിശ്വാസികൾക്ക് നന്മ ചെയ്യേണ്ടവരാണ്. പൗലോസ് വീണ്ടും നമ്മെ ഓർപ്പിക്കുന്നു, "ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക" (ഗലാ. 6:10).

സഭായോഗങ്ങളെ ഉപേക്ഷയായി വിചാരിക്കാതിരിക്കുക. ആഴ്ചയിലെ ആറുദിവസങ്ങളും കർത്താവിനോടുള്ള കൂട്ടായ്മയിൽ ജീവിച്ച് ആഴ്ചയുടെ ആദ്യ ദിവസം എല്ലാ ഭയഭക്തിബഹുമാനങ്ങളോടെ ദൈവത്തെ ആരാധിക്കുക. മാത്രമല്ല ഭവനയോഗങ്ങൾ, പ്രാർത്ഥനയോഗങ്ങൾ, സുവിശേഷപ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഉത്സാഹത്തോടെ പങ്കെടുക്കുകയും സഭയുടെ ഉണർവ്വിനും വർദ്ധനവിനുമായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത് സഭാവിശ്വാസികളുടെ പ്രധാനപ്പെട്ട കടമയാണ്. ●

# മഹത്വത്തിൽ



**എറണാകുളം:** വൈറ്റില എൽ.എം. പൈലി ക്രോസ് റോഡ് എബനേസർ വീട്ടിൽ **പി.പി. തോമസ് - 90** (എരുമക്കാട് വാഴവിള യിൽ കുടുംബാംഗം) കർത്തൃസന്നിധിയിൽ പ്രവേശിച്ചു. ഭൗതികശരീരം ആഗസ്റ്റ് 5-ന് എറണാകുളം സൗത്ത് ബ്രദറൺ സഭയിലെ ശുശ്രൂഷയ്ക്ക് ശേഷം മാമല ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.



**കോട്ടയം:** അരീപറമ്പ് പത്തിക്കൽ വീട്ടിൽ **മറിയാമ്മ മത്തായി (ചിന്നമ്മ -98)** ആഗസ്റ്റ് 1-ന് താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ പ്രവേശിച്ചു. ഭൗതികശരീരം 2-ന് അരീപ്പറമ്പ് ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.

**മുംബൈ:** കുമ്പനാട് പുതുപ്പറമ്പിൽ സഹോദരൻ പി.എം. ഏബ്രഹാമിന്റെ സഹധർമ്മിണി **കുഞ്ഞമ്മ ഏബ്രഹാം (80)** ആഗസ്റ്റ് 2-ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. ഭൗതിക ശരീരം ആഗസ്റ്റ് 6-ന് ഡോംബ്‌വ്‌ലിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനംതിട്ട:** കുമ്പഴ ബ്രദറൺ അസംബ്ലി അംഗമായ **അമ്മിണി ബേബി** ജൂലൈ 31-ന് താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധയിൽ ചേർന്നു. ഭൗതികശരീരം ആഗസ്റ്റ് 2-ന് കുമ്പഴ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക

**ഫരീദാബാദ്:** ഫരീദാബാദ് ബ്രദറൺ സഭാമൂപ്പന്മാരിലൊരാളായ **റ്റി.സി. ജോസഫ്** ആഗസ്റ്റ് 5-ന് താൻ പ്രിയംവച്ച കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ആഗസ്റ്റ് 8-ന് ഫരീദാബാദിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.

**ബാംഗ്ലൂർ:** ആർ.റ്റി. നഗർ അസംബ്ലി അംഗമായ **റൊണാൾഡ് ബംഗാരാ (റോണി- 60)** ആഗസ്റ്റ് 4-ന് കർത്തൃസന്നിധിയിലേക്കു പ്രവേശിച്ചു. ഭൗതികശരീരം ആഗസ്റ്റ് 5-ന് ബാംഗ്ലൂരിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിക്കുക.

"കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു."

*വെളിപ്പാട് 14:13*

# ബൈബിൾ ക്വിസ് -107

## ശരിയുത്തരങ്ങൾ

1. ദുഷ്ടൻ(10:9) 2. നീതിമാനെ (5:12) 3. ദാവീദ് (18:5) 4. ദുഷ്ടനെ (34:21) 5. ദാവീദ് (39:12) 6. ദാവീദ് (69:2) 7. ദയയും വിശ്വസ്തതയും (85:10) 8. ദാവീദ് (101 :3) 9. യെരുശലേം (122:3) 10. ദുഷ്ടമനുഷ്യനും സാഹസക്കാരനും (140:1-3)

**ക്വിസ് 103 - ശരിയുത്തരം അയച്ചവർ**

Mariyamma Thomas Kunnanthanam, Suseela Biju Cheppad, Sheena Santhosh Thriperumthura, Ditty Sunny Thalikod, Philomol K. Varghese South Chittoor, Spurjan K.J. Trivandrum, Jane Mathew Palakkad, Jolly Mathew Kalanjoor, Nicey Renji Cheppad, Alice Korah Puthuppally, Mary George Ranny, Tony Varghese Pathanamthitta, P.S. George Trivandrum, Ponnamma Raju Sharjah, C.M. Daniel Thrissur, Saramma Thomas Kottayam, Molly Joy Muvattupuzha, Rosamma Thomas Thadiyoor, Aleyamma Jacob Visakhapattanam, Latha Ravi Assam, Rachel Manesh Wadakkanchery, Sheeba Jannet Bangalore, Annamma Thomas Mumbai, Sam Kizhavaramannil Mumbai, Lydia Paul Thrissur, Annamma Samuel Thriperumthura, Juby P. Paul Thrissur, P.V. Elizabeth Peroorkada, Betty Vinod Kottayam, J. Suseela Ammanurkonam, Annamma Alaxander Koipuram, Annamma Baby Mathew Ponkunnam, P.K. Georgekutty Perumbavoor, Molly Zachariah Kottayam, John Mathew Thiruvalla, Mary Paulose Angamaly, Jaison Thomas Kottarakkara

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

3-ാം പേജിൽ നിന്നും തുടർച്ച

## ഞാൻ അവന് എന്തു പകരം നല്കും

കരുതി. എന്നാൽ താൻ പ്രയാസത്തിലും വേദനയിലും കൂടി കടന്നു പോകുന്നു എന്ന് അനുഭവത്തിൽ അറിഞ്ഞു. അപ്പോൾ താൻ ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ച് ആശ്വാസം കണ്ടെത്തി. ഈ വലിയ വേദനയിലും പ്രയാസത്തിലും സഹായിച്ച് നടത്തി. ദൈവത്തിന് എന്താണ് പകരം നല്കേണ്ടത് എന്നുള്ള ചിന്ത തന്റെ ഹൃദയത്തിലുണ്ടായി. തനിക്ക് ലഭിച്ച സകല നന്മകൾക്കും ദൈവത്തിന് മഹത്വം കൊടുക്കുവാൻ തീരുമാനിച്ച് ദേവാലയത്തിൽ ചെന്ന് സകല ജനത്തോടും ചേർന്ന് ഈ ദൈവത്തെ വിളിച്ചപേക്ഷിച്ച് മഹത്വപ്പെടുത്തുകയും ചെയ്തു (സങ്കീ. 116:17,18,19). സങ്കീർത്തനക്കാരൻ വളരെ ഉച്ചത്തിൽ പറഞ്ഞു 'യഹോവയെ സ്തുതിപ്പിൻ.'

നമ്മുടെ ദൈവം നമുക്ക് ചെയ്ത ഉപകാരങ്ങൾ ഓർത്ത് ദൈവത്തിന് മഹത്വം നൽകി ആരാധിക്കുക, നന്ദിയുള്ളവരായി ജീവിക്കുക. അതു മാത്രമെ ദൈവത്തിന് പകരം നൽകാനുള്ളു എന്ന് സങ്കീർത്തനക്കാരൻ ദൈവമക്കളായ നമ്മെ ഓർമ്മിപ്പിക്കുന്നു. എത്രയോ നന്മകളാണ് നാമും ദൈവത്തിൽ നിന്ന് അനുഭവിച്ചിരിക്കുന്നത്. അതിനാൽ സങ്കീർത്തനക്കാരന്റെ അതേ മനോഭാവം നമ്മിലും ഉണ്ടാകണം. അതിന് ദൈവം കൂടുതൽ സഹായിക്കുമാറാകട്ടെ. ●

കവിത

# ദൈവസ്നേഹം സ്വരാക്ഷരത്തിൽ

(താരാട്ട് പാട്ടിന്റെ ഈണം)

**സി. സത്യദാസ്, വെളിയംകോട്**

**അ**ത്യാനന്ദം നല്കും
അത്ഭുത മന്ത്രിയാം
അഖിലേശൻ ക്രിസ്തുവിൻ
അപദാനങ്ങൾ
ആഗതനായവൻ
ആപത്തൊഴിച്ചിടാൻ
ആരുമില്ലിതുപോലെ
ആക്കമുള്ളോൻ
ഇത്രമേൽ സ്നേഹിപ്പാൻ
ഇവിടെ മരിച്ചീടാൻ
ഇഹത്തിൽ ജനിച്ചവൻ
ഈശോ മാത്രം
ഈ സ്നേഹമോർക്കുവാൻ
ഈരായിരമല്ല
ഈ യുഗവും പോരാ
ഈ ലോകരേ
ഉത്തമൻ ക്രിസ്തുവിൻ
ഉന്നത സ്നേഹത്തെ
ഉയർത്തിടും
ഉയിരുള്ള നാൾ മുഴുവൻ
ഊക്കോടെ ജീവിച്ചു
ഊർജ്ജമായ് പേശിയ
ഊനമില്ലാത്തവൻ
ഊഴിയിലുണ്ടോ?
എന്നും സ്തുതിക്കുവാൻ
എക്കാലവും വാഴ്ത്തുവാൻ
എൻ ജീവൻ ക്രിസ്തുവും
എൻ മനമേ
ഏതൊരു നാളിലും
ഏറെ പതറാതെ
ഏറ്റു പറഞ്ഞീടാൻ
ഏക നാമം
ഐക്യ മനസ്സോടെ
ഐഹിക ലോകത്ത്
ഐക്യമായ് പ്രാർത്ഥിച്ചാൽ
ഐശ്വര്യമേ
ഒടുവിലെ രക്തവും
ഒഴുക്കിയെ സ്നേഹിതാ-
ഒടുങ്ങാത്ത വാത്സല്യം
ഒന്നു മാത്രം
ഓർക്കുക നാഥന്റെ
ഓർമ്മയ്ക്കായ് ചെയ്യുവാൻ
ഓരോ വാരത്തിലും
ഓർമ്മ യാഗം
ഔദാര്യ ദാനമാം
ഔന്നത്യ രക്ഷയെ
ഔദാര്യമായ് നല്കും
ഔദാര്യവാൻ
അക്ഷര ചങ്ങല
അടുക്കോടെ ചേർത്താലും
അവിടുത്തെ സ്നേഹമോ
അവർണ്ണനീയം.

ക്രിസ്ത്യാനിത്വത്തിന്റെ വില **കെ.വി. ജോസ്, എറണാകുളം**

# ജ്യേഷ്ഠാവകാശം ഒരു വിചിന്തനം

**ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി തന്റെ കടിഞ്ഞൂൽ പുത്രസ്ഥാനം വിറ്റ ഏശാവിനെപ്പോലെ ആരും അസന്മാർഗ്ഗിയോ അധാർമ്മികനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ (എബ്രാ. 12:16)**

മനുഷ്യൻ ഒരു വലിയ ബിസിനസിൽ ഏർപ്പെട്ടിരിക്കുകയാണ്. എന്തെങ്കിലും ലഭിക്കണമെങ്കിൽ എന്തെങ്കിലും കൊടുക്കണം. എപ്പോഴും വില താരതമ്യപ്പെടുത്തി നോക്കുന്നു. ഇതാണ് മനുഷ്യപ്രകൃതി. വെറുതെ ആരും ഒന്നും കൊടുക്കുകയില്ല. തക്ക പ്രതിഫലം കിട്ടണം.

ഇവിടെ ഏശാവും യാക്കോബും തമ്മിൽ ആവേശകരമായ ഒരു ബിസിനസിൽ ഏർപ്പെടുന്നു (ഉല്പ. 25:27-34). അനുജൻ യാക്കോബ് ഉണ്ടാക്കിയ ചുവന്ന പയറുപായസം ജ്യേഷ്ഠനായ ഏശാവ് ആവശ്യപ്പെടുന്നു. യാക്കോബ് അതിന് വിലയായി ആവശ്യപ്പെട്ടത് ഏശാവിന്റെ ജ്യേഷ്ഠാവകാശമാണ്. അഥവാ കടിഞ്ഞൂൽ പുത്രസ്ഥാനമാണ്. ഈ കച്ചവടത്തെ നാം ഗൗരവമായി കാണുകയും വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്.

യാക്കോബ് ഉണ്ടാക്കിയ പയറുപായസം ഏശാവിനെ അത്യന്തം ആകർഷിച്ച് വശീകരിക്കുന്നതായിരുന്നു. ഏശാവിന്റെ മനസ്സ് അറിയുന്ന യാക്കോബ് അവന്റെ ബലഹീന വശത്തെ മനസ്സിലാക്കി അതിന് അനുസരിച്ച് ബുദ്ധിയും കൗശലവും പ്രയോഗിക്കുന്നു. കാഴ്ചയ്ക്ക് മനോഹരവും, കുടിക്കാൻ നല്ലതും, ക്ഷീണം അകറ്റാൻ പറ്റിയതും, പെട്ടെന്നുള്ള ബലപ്രാപ്തിയും മാത്രമാണ് ഏശാവ് നോക്കിയത്. അതിൽ ഒളിഞ്ഞിരിക്കുന്ന അപകടം നഷ്ടപ്പെടുത്തുന്ന അഥവാ വിറ്റുകളയുന്ന ജ്യേഷ്ഠാവകാശത്തിന്റെ മൂല്യം അവൻ മനസ്സിലാക്കിയില്ല. അതിന് ഏശാവ് ഞാൻ മരിക്കേണ്ടി വരുമല്ലോ ഈ ജ്യേഷ്ഠാവകാശം എനിക്ക് എന്തിന് എന്നു പറഞ്ഞു. സത്യം ചെയ്തു തന്റെ ജ്യേഷ്ഠാവകാശം യാക്കോബിന് വിറ്റു. യാക്കോബ് ഏശാവിന് അപ്പവും പയറും കൊണ്ടുള്ള പായസവും കൊടുത്തു. അവൻ ഭക്ഷിച്ചു പാനം ചെയ്ത് എഴുന്നേറ്റു പോയി. ഇങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞു.

ഏശാവിന് തെറ്റു പറ്റിയത് അവന്റെ കാഴ്ചയിലാണ് (ഉല്പ. 25:30). ഈ ചുവന്ന പയറുപായസം കാണ്മാൻ തന്നെ മനോഹരമായിരുന്നു. കാഴ്ചയിലൂടെയാണ് ലോകത്തിൽ ആദ്യമായി പാപം കടന്നു വന്നത്. "ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കാൻ കാമ്യവും എന്നു സ്ത്രീ കണ്ടു (ഉല്പ. 3:6). ഈ കാഴ്ചയാണ് മനുഷ്യവർഗ്ഗം ഒന്നടങ്കം പാപത്തിന് അധീനരായിത്തീരാൻ കാരണം. എല്ലാ അനുഗ്രഹങ്ങളും പദവികളും ദൈവതേജസ്സും പറുദീസയും നഷ്ടപ്പെടുത്തി. അതുപോലെ ചുവന്നപയറുപായസത്തിന്റെ ആകർഷണീയതയാണ് ജീവിതത്തിലെ ഏറ്റവും മൂല്യമുള്ളതും വിലയുള്ളതുമായ ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയത്. കാണുവാൻ ഭംഗിയുള്ളതിന്റെ പിന്നാലെ ആകർഷിച്ച് വശീകരിക്കപ്പെടുന്നതിന്റെ ഫലമായിട്ടാണ് എല്ലാകാലത്തും മനുഷ്യൻ മൂല്യമുള്ളതിനെ നഷ്ടപ്പെടുത്തിക്കളയുന്നത്. ഈ ആധുനിക കാലഘട്ടത്തിൽ അതിന്റെ പ്രസക്തി എക്കാലത്തേക്കാളും കൂടുതലാണ്. വിശ്വാസികളും ഈ സത്യം മനസ്സിലാക്കണം. തിരുവെഴുത്ത് പറയുന്നത് "കാണുന്നതിനെയല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു, കാണുന്നത് താൽക്കാലികം കാണാത്തതോ നിത്യം" ( 2 കൊരി. 4:18). ഈ പരമാർത്ഥമായ സത്യം മനസ്സിലാക്കി വിശ്വാസത്തിന്റെ മൂല്യം നാം കാത്തു സൂക്ഷിക്കേണ്ടതാണ്.

**കാണുവാൻ ഭംഗിയുള്ളതിന്റെ പിന്നാലെ ആകർഷിച്ച് വശീകരിക്കപ്പെടുന്നതിന്റെ ഫലമായിട്ടാണ് എല്ലാകാലത്തും മനുഷ്യൻ മൂല്യമുള്ളതിനെ നഷ്ടപ്പെടുത്തിക്കളയുന്നത്. ഈ ആധുനിക കാലഘട്ടത്തിൽ അതിന്റെ പ്രസക്തി എക്കാലത്തേക്കാളും കൂടുതലാണ്.**

**1. ഏശാവ് ആരായിരുന്നു**

ഏശാവിന്റെ വിശ്വാസ പശ്ചാത്തലം (ഉല്പ. 25:20-34) വാക്യങ്ങളിൽ വ്യക്തമായി പരിശുദ്ധാത്മാവ് ചില സത്യങ്ങൾ വെളിപ്പെടുത്തി തന്നിട്ടുണ്ട്. ഉല്പ. 25-34 അധ്യായം വരെ ഏശാവിന്റെ ചരിത്രം കാണാം. വിശ്വാസികളുടെ പൂർവ്വപിതാവായ അബ്രാഹാമിന്റെ കൊച്ചുമകനായിരുന്നു ഏശാവ്. അബ്രഹാം ദൈവശബ്ദം കേട്ട് തന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് വിശ്വാസത്താൽ ഇറങ്ങി പുറപ്പെട്ടവനാണ്. വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും ദൈവഭക്തിയുടെയും ദൈവഭയത്തിന്റെയും മൂർത്തീഭാവമായിരുന്ന അബ്രഹാമിന്റെ വാഗ്

➤➤ 6

## വൈ.എം.ഇ.എഫ്. – എസ്.ബി.എസ്.

# സംയുക്ത ബൈബിൾ ക്യാമ്പ്

**കൊട്ടാരക്കര:** കൊട്ടാരക്കര വൈ.എം.ഇ.എഫ്.ന്റെയും എസ്.ബി.എസ്.ന്റെയും സംയുക്ത ബൈബിൾ ക്യാമ്പ് 2016 ഡിസംബർ 25 ഞായർ വൈകിട്ട് 4 മുതൽ 28 ബുധൻ ഉച്ചയ്ക്ക് 1 വരെ പുലമൺ ബ്രദറൺ ഗോസ്പൽ ഹോളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ക്യാമ്പ് ടീം: "ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക" (എബ്രാ. 12:28). സഹോദരന്മാരായ ബിജു ആലടി, ടിങ്കിൾ പോൾ പെരുമ്പാവൂർ, ബാബു തോമസ് അങ്കമാലി, സിബി വിശ്വനാഥൻ മാർത്താണ്ഡം എന്നിവർ പ്രധാന ലീഡേഴ്സായിരിക്കും. ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കേണമേ.

സിജി വർഗീസ് (ക്യാമ്പ് കൺവീനർ) 9495878734

# പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**മാന്ദാമംഗലം:** ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയുടെ പുതിയ ഹാളിന്റെ സ്തോത്ര ശുശ്രൂഷ 2016 മെയ് 21-ാം തീയതി അനുഗ്രഹമായി നടന്നു. ഹാളിന്റെ സമർപ്പണ ശുശ്രൂഷ സഹോദരൻ ജയിംസ് വില്യംസ് നെല്ലിക്കുന്ന് നിർവ്വഹിച്ചു. തുടർന്ന് സഹോദരൻ ബാബു വർഗീസ് താളിക്കുണ്ട് വചനം ശുശ്രൂഷിക്കുകയും സഹോദരന്മാരായ ഡോ. എം.പി. ജോസഫ് (സ്റ്റുവാർഡ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ), സി.ജെ. മത്തായി ചേലക്കോട്ടുകര, എം.സി. ജോർജ്ജ് ചേലക്കോട്ടുകര, ടി.എ. ജോൺ വരാക്കര, മോൻസൺ ഐസക്ക് താളിക്കോട്, ടി.എ. അബ്രഹാം മരോട്ടിച്ചാൽ ഇവരെക്കൂടാതെ സ്ഥലം സഭയിൽ നിന്നുള്ള സഹോദരന്മാരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അയൽ സഭകളിൽ നിന്നും സഹോദരീ സഹോദരന്മാരും ധാരാളം അയൽവാസികളും യോഗത്തിൽ സംബന്ധിച്ചു. തുടർന്നും സഭയെ പ്രാർത്ഥനയിൽ ഓർക്കണമെന്ന് അപേക്ഷിക്കുന്നു.

*ജയിംസ് കെ., ജോസ് ടി.പി., ഒ.ജെ. ജോസഫ്, പി.സി. റെജി (9447806498)*

# പ്രത്യേക പ്രാർത്ഥനയ്ക്ക്

സുവിശേഷധ്വനി അസോഷ്യേറ്റ് എഡിറ്റർ സുവിശേഷകൻ സാമുവേൽ തോമസിന്റെ മകൾ രോദാ സാമുവേൽ (20) ഡെങ്കിപ്പനിയെ തുടർന്നുണ്ടായ വൈറൽ പനിയാൽ ഗുരുതരാവസ്ഥയിൽ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികിത്സയിൽ ആയിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു വരുന്നു. പൂർണ്ണ സൗഖ്യത്തിനായി ദൈവമക്കളുടെ പ്രാർത്ഥന വീണ്ടും അപേക്ഷിക്കുന്നു.

*ചീഫ് എഡിറ്റർ*

➤➤ 5 ദത്ത സന്തതിയായിരുന്നു യിസ്ഹാക്ക്. അപ്പനെ വിശ്വസിച്ചും അനുസരിച്ചും വിധേയപ്പെട്ടും ജീവിച്ച യിസ്ഹാക്കിന്റെ കടിഞ്ഞൂൽ പുത്രനായിരുന്നു ഏശാവ്. ജ്യേഷ്ഠാവകാശവും അവനുള്ളതായിരുന്നു. ചുരുക്കത്തിൽ ഏറ്റവും സുശക്തമായ ആത്മീയപൈതൃകം ഉള്ളവനായിരുന്നു ഏശാവ്. ഏറ്റവും അനുഗൃഹീതമായ ഒരു കുടുംബ പാരമ്പര്യം അവന് ഉണ്ടായിരുന്നു.

**2. അവന്റെ ബാഹ്യമായ കഴിവുകൾ**

കാഴ്ചയ്ക്ക് നല്ല സൗന്ദര്യമുള്ളവൻ ആയിരുന്നു. ആകർഷകവും വശീകരിക്കപ്പെടുകയും ചെയ്യുന്ന നിറവും അഴകും അവനുണ്ടായിരുന്നു. ആരോഗ്യദൃഢഗാത്രൻ, സമർത്ഥൻ, ധൈര്യശാലി, വേട്ടക്കാരൻ. അമ്പും വില്ലും എടുത്ത് കാട്ടുമൃഗങ്ങളെ പിടിച്ച് അപ്പന് രുചികരമായ മാംസാഹാരം ഉണ്ടാക്കി കൊടുക്കുന്നവൻ, അപ്പന്റെ ഇഷ്ട പുത്രൻ. എല്ലാ അർത്ഥത്തിലും അപ്പനെ പ്രസാദിപ്പിക്കുന്ന അനുസരണമുള്ള മകൻ. ഇങ്ങനെ ബാഹ്യമായ ഒട്ടനവധി കഴിവുകൾ ഉള്ളവനായിരുന്നു ഏശാവ് (ഉല്പ. 25:27-28). നല്ല പിതൃപാരമ്പര്യം. ഏറ്റവും അനുഗൃഹീതമായ ആത്മീയ പൈതൃകം. നല്ല കായിക ബലവും സൗന്ദര്യവും. ചുരുക്കത്തിൽ ആത്മീയവും ഭൗതികവുമായ എല്ലാ ജീവിതസാഹചര്യങ്ങളും ഉണ്ടായിരുന്ന ഏശാവ് ഒരു ഊണിനുവേണ്ടി അവന്റെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ടത് വിറ്റു കളഞ്ഞു. എത്ര ഭയങ്കരമായ ഭോഷത്വമാണ് അവൻ ചെയ്തത്. പരിശുദ്ധാത്മാവ് അതിനെക്കുറിച്ച് രേഖപ്പെടുത്തിയത് ഇങ്ങനെ ഏശാവ് ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കിക്കളഞ്ഞു (ഉല്പ. 25:34) എന്നാണ്.

*അവന് പൈതൃകമായി ലഭിച്ചിരുന്ന ജ്യേഷ്ഠാവകാശത്തിന്റെ മൂല്യം അവൻ മനസ്സിലാക്കിയില്ല.*

വിശപ്പ് ശാരീരികം മാത്രമാണ്. ഭക്ഷണം കഴിച്ചാൽ വിശപ്പ് മാറും, പക്ഷേ വിലപ്പെട്ട ജീവിതമൂല്യങ്ങളും അവകാശങ്ങളും നഷ്ടപ്പെടുത്തിയാൽ അത് ഒരിക്കലും തിരികെ ലഭിക്കുകയില്ല. ഈ വിലപ്പെട്ട സത്യം നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണ് (മത്താ. 4:2-4). യേശു നാല്പതു ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും സമയം ചിലവഴിച്ചു. അപ്പോൾ അവന് വിശന്നു. പ്രലോഭകൻ അവനെ സമീപിച്ചു. നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകുവാൻ കല്പിക്ക. അതിന് കർത്താവ്, മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ നിന്ന് വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന് എഴുതിയിരിക്കുന്നു.

ഇവിടെ കർത്താവ് ശാരീരിക വിശപ്പിനെക്കാൾ നിലനില്ക്കുന്നതും നിത്യവുമായ ആത്മാവിന്റെ അഥവാ ആന്തരിക മനുഷ്യന്റെ വിലയാണ് വലുതായി കണ്ടത്. ആന്തരിക മനുഷ്യന്റെ ബലപ്രാപ്തിക്കാണ് കർത്താവ് മൂല്യം കല്പിച്ചത്. എന്നാൽ ഏശാവ് പെട്ടെന്നുള്ള ശാരീരിക ബലപ്രാപ്തിക്കാണ് വില കല്പിച്ചത്. അവൻ വിശ്വാസത്തിന്റെ മാർഗ്ഗം തള്ളിക്കളഞ്ഞു. കാഴ്ചയുടെ വഴി തെരഞ്ഞെടുത്തു. അത് അവന്റെ വീഴ്ചയ്ക്ക് കാരണമായിത്തീർന്നു. വിശപ്പിന്റെ ശക്തി വളരെ ശക്തമാണ്. പക്ഷേ അതിൽ അടങ്ങിയിരിക്കുന്ന അപകടവും വലുതാണ് (സംഖ്യ 11:5). യിസ്രയേൽ ജനത്തിന് മരുഭൂമിയിൽ ഏറ്റവും മേല്ത്തരവും രുചികരവുമായ മന്ന ദിനംതോറും വർഷിപ്പിച്ചുകൊടുത്തു. പക്ഷേ ദൈവത്തിന്റെ ഈ നൽകരുതലിനെ അവർ നിരാകരിച്ചു. അത് അവർക്ക് ഗുണമേന്മയുള്ളതായി തോന്നിയില്ല. മിസ്രയീമിലെ മത്സ്യവും വെള്ളരിക്ക, മത്തങ്ങാ, ഉള്ളി, ചുവന്നുള്ളി, ചിറ്റുള്ളി ഇതൊക്കെയാണ് അവർക്ക് ഓർമ്മ വരുന്നത്. കാരണം ദൈവികമായ അഥവാ സ്വർഗ്ഗീയമായ ഭോജ്യത്തെക്കാൾ ഈ ലോകത്തിന്റെ ചുവന്നുള്ളിയും പയറുപായസവും ഒക്കെയാണ് ആകർഷകമായിട്ടുള്ളത്. ഈ ഭക്ഷണക്കൊതി ദൈവിക കരുതലിന്റെ നേരെയുള്ള മറുതലിപ്പാണ്. ദൈവജനം ദൈവത്തിൽ ആശ്രയിച്ച് ജീവിക്കേണ്ടവർ ആണ്. അവരുടെ ഉപജീവനത്തെക്കുറിച്ച് ദൈവത്തിന് പ്രത്യേകം കരുതലുണ്ട് (മത്താ, 6:25-34). അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നത് എന്തു തിന്നും എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തു ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടരുത്. ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലോ? .....ആകായൽ നാം എന്തു തിന്നും എന്തു കുടിക്കും എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വകയൊക്കെയും ജാതികൾ അന്വേഷിക്കുന്നു. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യമെന്ന് അറിയുന്നുവല്ലോ. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

ജീവന്റെ നിലനില്പിന് ആവശ്യമായത് ഭക്ഷണം, വെള്ളം, പ്രാണവായു എന്നിവയാണ്. അതോടൊപ്പം തന്നെ വസ്ത്രവും പാർക്കാൻ ഭവനവും ആവശ്യമാണ് എന്ന് അവിടുന്ന് അറിയുന്നു. അതു നൽകി തരികയും ചെയ്യും. അതിന് അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുകയത്രെ വേണ്ടത്.

എന്നാൽ ഏശാവ് ചെയ്തത് ഈ പ്രമാണങ്ങൾക്ക് എതിരായിരുന്നു. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നിട്ട് എഴുന്നേറ്റു പോകുക എന്നത് അനാത്മീയതയുടെ ലക്ഷണമാണ്. ഇത് അഭക്തിയിൽ നിന്ന് വരുന്നതാണ്. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ. ഏശാവ് പാപത്തിന് അടിമയായി ജഡസ്വഭാവമുള്ളവനായി അവന്റെ പദവികൾ നഷ്ടപ്പെടുത്തിക്കളഞ്ഞു. ഇതാണ് അവൻ ചെയ്ത തെറ്റ്.

*(തുടരും)*

ചിന്ത T.V.S.

# നിന്റെ വഴി യഹോവയെ ഭരമേല്പിക്ക

**ആ**ധുനിക യുഗത്തിൽ യുവത്വത്തിന്റെ തിളപ്പുകൊണ്ട് എന്തും ഏതും ആവാം എന്ന് കരുതുന്നവർ അനേകരാണ്. അനേക കാര്യങ്ങൾ സ്വന്തമാക്കാൻ മനുഷ്യൻ അഹോരാത്രം പണിയെടുക്കുന്നു. അല്പായുസ്സുള്ള മനുഷ്യൻ 24 മണിക്കൂർ അധ്വാനിച്ചിട്ടും അവൻ തൃപ്തനല്ല. അവന്റെ ആയുസ്സിന്റെ ദൈർഘ്യം അവന് അറിഞ്ഞു കൂടാ. എങ്കിലും ലഭിക്കുന്ന സന്ദർഭം ഉപയോഗിച്ച് ലോകത്തിൽ നിന്ന് എന്തൊക്കെ വാരിക്കൂട്ടാമോ അതിന്നായി പാടുപെടുന്നു. ഒരു പരിധിവരെ അതൊക്കെ സാധിച്ചു എന്നു വരാം. കോടിക്കണക്കിന് പണം വാരിക്കൂട്ടിയ അർജന്റീനയുടെ ദേശീയ ഫുട്ബോൾ താരമായ മെസ്സിയും പിതാവും ദുഃഖത്തിലാണ്. അവർ പണം സമ്പാദിച്ചത് നേരായ മാർഗ്ഗത്തിലൂടെയല്ലെന്നാണ് കോടതി പറഞ്ഞത്. എന്നാൽ ദൈവകരങ്ങളിൽ നമ്മെ തന്നെ സമർപ്പിക്കുമ്പോൾ മാത്രമെ കാര്യങ്ങളുടെ പൂർണ്ണതയിൽ എത്തുവാൻ കഴികയുള്ളു. ദൈവകരങ്ങൾ സ്പർശിക്കുമ്പോൾ മാത്രമെ നമ്മുടെ പോരായ്മകൾ പരിഹരിക്കപ്പെടുകയുള്ളു. ദൈവം ഉപയോഗിക്കുന്നവൻ പ്രതികൂലങ്ങളെ തരണം ചെയ്ത് ഉന്നതികളിൽ എത്തിച്ചേരുന്നു.

ഒരിക്കൽ ഒരു സ്ഥലത്ത് പഴയ സാധാനങ്ങൾ ലേലം ചെയ്തു വിൽക്കുന്ന ഒരു സംഭവം നടക്കുകയാണ്. ചിലതൊക്കെ വിറ്റു കഴിഞ്ഞു. അദ്ദേഹം വിളിച്ചു പറഞ്ഞു, സ്നേഹിതരെ ഇനി ലേലം ചെയ്യാനുള്ളത് ഒരു പഴയ 'ഗിറ്റാർ' ആണ്. പൊടിപിടിച്ച് ഭംഗി നഷ്ടപ്പെട്ട ഒരു സ്പാനിഷ് ഗിറ്റാർ ആണ് അത്. ലേലം ചെയ്യുന്ന ആൾ ഗിറ്റാർ പൊക്കി കാണിച്ചു. ആർക്കും താല്പര്യം ഇല്ല. എന്തായാലും ഒരാൾ വിളിച്ചു- 50 രൂപയ്ക്ക്. വേറെ ഒരാൾ 80 രൂപയ്ക്ക് വിളിച്ചു. ആൾക്കൂട്ടത്തിൽ നിന്ന് ഒരാൾ പറഞ്ഞു, "സാർ, ലേലം ഉറപ്പിക്കരുത്, ഒരു നിമിഷം ആ ഗിറ്റാർ ഞാനൊന്ന് വായിച്ചു നോക്കട്ടെ" അപരിചിതനായ ആ മനുഷ്യൻ ഗിറ്റാറിന്റെ പൊടി തട്ടി, കമ്പിയൊക്കെ ഒന്നു മുറുക്കി. സാവധാനം ഗിറ്റാർ കയ്യിൽ എടുത്ത് വായിക്കാൻ തുടങ്ങി. പെട്ടെന്ന് ആൾക്കൂട്ടത്തിന്റെ ആരവം കുറഞ്ഞു. എല്ലാവരും ചെവികൂർപ്പിച്ച് നിന്നു. മനോഹരമായ ഒരു ഗാനം അയാൾ അതിൽ വായിച്ചു. ആളുകൾ അത്ഭുതപ്പെട്ടു പോയി. ഗിറ്റാർ അദ്ദേഹം തിരികെ കൊടുത്തു.

**ദൈവകരങ്ങൾ സ്പർശിക്കുമ്പോൾ മാത്രമെ നമ്മുടെ പോരായ്മകൾ പരിഹരിക്കപ്പെടുകയുള്ളു. ദൈവം ഉപയോഗിക്കുന്നവൻ പ്രതികൂലങ്ങളെ തരണം ചെയ്ത് ഉന്നതികളിൽ എത്തിച്ചേരുന്നു.**

ഇത്തവണ ഒരാൾ 2000 രൂപ പറഞ്ഞു. അവസാനം 5000 രൂപയ്ക്ക് ലേലം ഉറപ്പിച്ചു. എല്ലാവർക്കും വലിയ സന്തോഷമായി. ഒരാൾ ചോദിച്ചു, "അതിന്റെ വില ഇത്ര ഉയരുവാൻ കാരണം എന്താണ്?" മറുപടി ഇങ്ങനെയായിരുന്നു, "അത് ഗിറ്റാർ അറിയാവുന്ന മാസ്റ്ററിന്റെ മൃദുലമായ സ്പർശനം കൊണ്ടാണ്."

അനേകരുടെ ജീവിതം നിരാശപൂരിതമായി തീരുന്നത് സ്വന്തവിവേകത്തിൽ ഊന്നി അവരുടെ ജീവിതം അവരുടെ ഹിതം പോലെ പണിയുവാൻ തുടങ്ങുന്നതുകൊണ്ടാണ്. അങ്ങനെ അവരുടെ ജീവിതം വിജയകരമായി പണിതുയർത്തുവാൻ കഴിയാതെ നിരാശയും, ദുഃഖവും വേദനയും അവരെ തളർത്തിയിട്ടിരിക്കുയാണ്. അങ്ങനെയുള്ളവർ, പൊടിപിടിച്ചും, കമ്പിപൊട്ടിയും കിടക്കുന്ന ഗിറ്റാറിന്റെ അവസ്ഥയിലേക്ക് മാറ്റപ്പെടുന്നു. ഇന്ന് അനേകവിശ്വാസികൾ ഈ നിലയിൽ പൊടിപിടിച്ചും, കമ്പി പൊട്ടിയും, അപസ്വരങ്ങൾ പുറപ്പെടുവിച്ചും കഴിഞ്ഞുകൂടുന്നവരാണ്. പത്രോസിനെ കാറ്റത്ത് പാറ്റുവാൻ കർത്താവിനോട് ചോദിച്ച പിശാച് ഇങ്ങനെയുള്ളവരെ കണ്ട് പിടിച്ചു കുറഞ്ഞ ലേലത്തിന് അവരെ ഒതുക്കുകയാണ്. ദെലീലയുടെ കരസ്പർശം ഏറ്റവർക്ക് ദൈവികശക്തിയുടെ അളവറ്റ വലുപ്പം അറിഞ്ഞുകൂടാ. "അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ" (1 പത്രോ. 5:6). ദൈവജനമെ നമ്മിൽ പറ്റിയിരിക്കുന്ന പൊടി കുടഞ്ഞുകളയാം, നമ്മിൽ അയഞ്ഞുപോയ കമ്പികൾ മുറുക്കാം- നമ്മെ സൃഷ്ടിച്ചവന്റെ കരങ്ങളിൽ നമ്മെ ഏല്പിക്കാം- നമ്മുടെ ജീവിതം അവനായി തുറന്നുകൊടുക്കാം- നമ്മുടെ കർത്താവ് നമ്മിൽ നിന്നും ഇമ്പകരമായ സ്വരങ്ങൾ കേൾക്കട്ടെ.

●

**SUVISESHADHWANI**
Fortnightly
Vol. 38 Issue 27
Annual Subscription
India Rs. 200/-
USA/Canada US$ 100
Envelope Postage
Rs. 2500/-

Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com

**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com

**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com

Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**REGISTERED**
***Reg. No. RN 29475/1978***
***Postal Reg. No. KL / ALY / 0076 / 2015-17***
***Licence No. KL/CR/ALU/WPP-08/2015-17***
***Licensed to Post Without Prepayment.***
***Date of Publishing : 13/ 08 / 2016***

***If not delivered, please return to :***
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.

Printed & Published by Saju P. Stephen on behalf of General Y.M.E.F. & Printed at Speck Offset Press, Eroor, Ekm. & Published at Padinjattil Puthenpurayil, Kakkoor, Ekm. Dist. Editor : Saju P. Stephen. Design: D'Club, Kallissery.